I ഇ.ബി. XII - കേരള നിയമസഭ/XVI-7

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ഡിസംബർ 30, വ്യാഴം

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) ആലപ്പുഴ ബൈപ്പാസ് നിർമ്മാണം

ശ്രീ. എ.എ. ഷുക്കൂർ : ആലപ്പുഴയിൽ ബൈപ്പാസ് നിർമ്മാണത്തിന് കേന്ദ്ര സർക്കാർ 157 കോടി രൂപ അനുവദിച്ച സാഹചര്യത്തിൽ എസ്.ഡി. കോളേജിന് മുൻവശത്തുനിന്ന് ആരംഭിച്ച് കൊമ്മാടി ജംഗ്ഷനിൽ അവസാനിക്കുന്ന ഏകദേശം 7.58 കിലോമീറ്റർ ദൈർഘ്യം വരുന്ന ഭാഗത്തിന്റെ നിർമ്മാണം ത്വരിതഗതിയിൽ ആരംഭിക്കണം. കൊമ്മാടി ജംഗ്ഷനിൽനിന്ന് ബീച്ച്വരെയും എസ്.ഡി കോളേജിന്റെ മുൻവശത്തുനിന്ന് റെയിൽവേ കുതിരപ്പന്തി ജംഗ്ഷൻ വരെയുമുള്ള റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 95 മീറ്റർ നീളമുള്ള രണ്ട് റെയിൽവേ ഓവർ ബ്രിഡ്ജുകളും 1080 മീറ്റർ നീളം വരുന്ന ഫ്ളൈ ഓവറും നിർമ്മിച്ച് ബൈപ്പാസിന്റെ പണി അടിയന്തിരമായി പൂർത്തീകരിച്ച് ആലപ്പുഴയിൽ അനുഭവപ്പെടുന്ന

ഗതാഗതക്കുരുക്ക്, റോഡപകടങ്ങൾ മുതലായവയ്ക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : 7580 മീറ്റർ നീളമുള്ള ആലപ്പുഴ ബൈപ്പാസിന്റെ കൊമ്മാടി ഭാഗത്തുള്ള 575 മീറ്റർ ഒഴികെയുള്ള റോഡ് 7 മീറ്റർ വീതിയിൽ പൂർത്തിയായിട്ടുണ്ട്. ഏകദേശം 95 മീറ്റർ വീതം നീളംവരുന്ന രണ്ട് റെയിൽവേ ഓവർ ബ്രിഡ്ജുകളുടേയും അപ്രോച്ച് റോഡിന്റേയും പണി തീരാനുണ്ട്. ബീച്ച് ഭാഗം 1080 മീറ്റർ ടാർ ചെയ്തിട്ടുണ്ട്. ബീച്ച് സംരക്ഷിക്കുന്നതിന് എലിവേറ്റഡ് ഹൈവേ നിർമ്മിക്കണമെന്ന ആവശ്യമുൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് 2010 സെപ്റ്റംബർ മാസത്തിൽ കേന്ദ്ര ഉപരിതല വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുകയുണ്ടായി. ആലപ്പുഴ-കൊല്ലം ബൈപ്പാസിന്റെ സ്ഥലമെടുപ്പ് പൂർത്തിയായതുകൊണ്ട് ബൈപ്പാസ് നിർമ്മാണത്തിന് പ്രത്യേക അനുമതിയും 157 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരവും ലഭ്യമായിട്ടുണ്ട്. കൊല്ലം ബൈപ്പാസ്സിന്റെ അംഗീകാരം ഉടൻ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭ്യമാക്കി ആലപ്പുഴ-കൊല്ലം ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിലിന്റെ യോഗം

ശ്രീ. തോമസ് ചാണ്ടി : കുട്ടനാട് പാക്കേജ് നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിലിന്റെ യോഗം മാസത്തിലൊരിക്കൽ മന്ത്രിസഭാ യോഗം കൂടുന്ന അതേ

ഗൗരവത്തിൽത്തന്നെ നിർബന്ധമായും വിളിച്ചുചേർക്കണമെന്ന് നിഷ്ക്കർഷിക്കണം. പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനുള്ള ടെണ്ടറിനെക്കുറിച്ചും മറ്റും സ്ഥലം എം.എൽ.എ.-യ്ക്ക് വിശദവിവരം നൽകുന്നതിന് നടപടി സ്വീകരിക്കണം. കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന അഴിമതിക്ക് തടയിടാൻ സാധിക്കണം. കുട്ടനാട് പാക്കേജിന്റെ ഓഫീസ് കുട്ടനാടിന്റെ മധ്യഭാഗത്തായി മങ്കൊമ്പ്, ആലപ്പുഴ, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിലെവിടെയെങ്കിലും സ്ഥാപിക്കാനുള്ള നടപടിയുമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കുട്ടനാട് പാക്കേജിന്റെ നടത്തിപ്പ് പുരോഗതി കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായിട്ടുള്ള ഇംപ്ലിമെന്റേഷൻ കമ്മിറ്റി മാസംതോറും അവലോകനം ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായ കോ-ഓർഡിനേഷൻ കമ്മിറ്റി കുട്ടനാട് പാക്കേജിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികളുടെ അവലോകനം മൂന്ന് മാസത്തിലൊരിക്കൽ നടത്തുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ കോ-ഓർഡിനേഷൻ കമ്മിറ്റിയും ജില്ലാ കളക്ടർമാർ ചെയർമാന്മാരായിട്ടുള്ള ജില്ലാതല കമ്മിറ്റികളും എല്ലാ മാസവും കുട്ടനാട് പാക്കേജിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്. ഇതുസംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും നയപരമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിച്ച മുഖ്യമന്ത്രി ചെയർമാനായ കുട്ടനാട് പാക്കേജ് പ്രോസ്പിരിറ്റി കൗൺസിലിന്റെ യോഗം എല്ലാ മാസവും ചേരുന്നത് പ്രായോഗികമല്ലെങ്കിലും ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രോസ്പിരിറ്റി കൗൺസിൽ നിശ്ചിത വേളകളിൽ യോഗം ചേരുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. കുട്ടനാട്

പാക്കേജിന്റെ ഓഫീസ് മങ്കൊമ്പിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**സബ്മിഷൻ**

(1) <u>പി.എസ്.സി. നിയമനങ്ങൾ</u>

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : നടപടിക്രമങ്ങളിലെ പഴുതുകൾ ദുരുപയോഗപ്പെടുത്തി അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ സഹായത്തോടെ വയനാട് ജില്ലയിൽ നിയമനത്തട്ടിപ്പ് നടന്ന സാഹചര്യത്തിൽ പി.എസ്.സി. നിയമനങ്ങൾ സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ നടപടി സ്വീകരിക്കണം. ജില്ലാതലത്തിൽ ഉദ്യോഗാർത്ഥികളുടെ ഫോട്ടോസഹിതം പൂർണ്ണ മേൽവിലാസത്തോടെ റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : വയനാട് ജില്ലയിലെ വ്യാജ നിയമനങ്ങൾ സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എട്ടുപേരെ സർവ്വീസിൽനിന്ന് നീക്കം ചെയ്യുകയും ഡെപ്യൂട്ടി കളക്ടർ ഉൾപ്പെടെ മൂന്ന് പേരെ സസ്പെന്റ് ചെയ്യുകയും ക്രൈംബ്രാഞ്ച് മുഖേന അന്വേഷണം നടത്തുന്നതിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിലെ കഴിഞ്ഞ പത്തുവർഷത്തെ പുതിയ നിയമനത്തെ സംബന്ധിച്ച് അന്വേഷിക്കാനും സമയബന്ധിതമായി പ്രശ്നം പരിഹരിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമന ശുപാർശ, ഫോട്ടോ പതിച്ച അഡ്മിഷൻ ടിക്കറ്റ്, ശാരീരികമായ അടയാളങ്ങൾ, ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഴിമതി അന്വേഷിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തുകയും കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് നടത്തിയ എല്ലാ പുതിയ നിയമ

നങ്ങളെ സംബന്ധിച്ചും സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിൻകീഴിൽ സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടു ത്തുകയും ചെയ്തിട്ടുണ്ട്. പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് വാങ്ങിയ ശേഷം മാത്രമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂവെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. നിയമനങ്ങൾ സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല.

(2) <u>മദ്യദുരന്തം</u>

<u>ശ്രീ. കെ. ടി. ജലീൽ</u> : മലപ്പുറം ജില്ലയിൽ മദ്യദുരന്തത്തിനിര യായവരുടെ കുടുംബങ്ങൾക്ക് നൽകിയ നഷ്ടപരിഹാരം കുറ്റിപ്പുറം പഞ്ചാ യത്തിലെ പെരശ്ശന്നൂർ സുബ്രഹ്മണ്യൻ എന്നയാളുടെ കുടുംബത്തിനും ലഭ്യ മാക്കണം. മദ്യദുരന്തമുണ്ടായ അഞ്ച് സ്ഥലങ്ങളിലുള്ള മദ്യഷാപ്പുകൾ തുറന്നു പ്രവർത്തിക്കരുതെന്ന പരിസരവാസികളുടെ ആവശ്യം പരിഗണിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : മലപ്പുറം ജില്ലയിലു ണ്ടായ മദ്യദുരന്തത്തെത്തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം കള്ളുഷാപ്പുകൾ അടച്ചുപൂട്ടിയില്ലെങ്കിലും ലൈസൻസികൾ സ്വമേധയാ ഷാപ്പുകൾ അടച്ചിടുക യായിരുന്നു. പെരശ്ശന്നൂർ സ്വദേശി ശ്രീ. കെ. പി. സുബ്രഹ്മണ്യൻ ദുരന്ത ത്തിന് ഒരു ദിവസം മുമ്പ് മരണപ്പെടുകയും പോസ്റ്റ്മോർട്ടം നടത്താതെ മൃതദേഹം സംസ്ക്കരിക്കുകയും ചെയ്തതിനാൽ മരണത്തിന് കാരണം വിഷ മദ്യമാണോ എന്നത് ഉറപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. വ്യാജമദ്യം ഉപയോഗിച്ച വർക്ക് സമാനമായ ശാരീരിക അസ്വസ്ഥതകൾ അയാൾ പ്രകടിപ്പിച്ചിരു ന്നുവെന്ന് ആശുപത്രിയിൽനിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ

ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ പത്രമാധ്യമങ്ങളിൽ ഹൃദയാഘാതം മൂലമാണ് മരണം നടന്നതെന്നാണ് റിപ്പോർട്ട് ചെയ്തിരുന്നത്. സുബ്രഹ്മണ്യന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(3) <u>തണത്ര പാലം പുനർ നിർമ്മാണം</u>

<u>ശ്രീ. എ.സി. മൊയ്തീൻ</u>: പെരിമ്പിലാവ്-നിലമ്പൂർ സ്റ്റേറ്റ് ഹൈവേയിൽ വടക്കാഞ്ചേരി-തൃത്താല നിയോജകമണ്ഡലങ്ങളേയും തൃശ്ശൂർ-പാലക്കാട് ജില്ലകളെയും ബന്ധിപ്പിക്കുന്ന തണത്ര പാലത്തിന്റെ പുനരുദ്ധാരണ നടപടികൾ അടിയന്തിരമായി നടപ്പിലാക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> : 14-8-2009-ൽ സർക്കാർ ഉത്തരവു പ്രകാരം പെരിമ്പിലാവ്-നിലമ്പൂർ റോഡിൽ തൃശ്ശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പ്രസ്തുത പാലം നിർമ്മിക്കാൻ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായിക്കഴിഞ്ഞാലുടൻതന്നെ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

(4) <u>മകരവിളക്കിന് പൊതുഅവധി നൽകാൻ നടപടി</u>

<u>ശ്രീ. രാജു എബ്രഹാം</u> : ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമാക്കുന്നതിനും മകരവിളക്ക് ദിവസം പൊതുഅവധി നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: മകരവിളക്കിന്റെ പ്രാധാന്യവും മറ്റും കണക്കിലെടുത്ത് അന്നേ ദിവസം പത്തനംതിട്ട, കോട്ടയം,

ആലപ്പുഴ എന്നീ ജില്ലകളിലും ചെങ്ങന്നൂർ താലൂക്കിലും പൊതുഅവധി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(5) ആദിവാസി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. റ്റി.യു. കുരുവിള: കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ പഞ്ചായത്തിലെ വിളവൂർകുടി ആദിവാസികോളനിയിലെ കുടിവെള്ള പദ്ധതി ഉപയോഗയോഗ്യമാക്കുന്നതിനും ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ആയുർവേദ ഡിസ്പെൻസറിയുടെ പുനരുദ്ധാരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 2001-02 കാലഘട്ടത്തിൽ എ.ആർ.ഡബ്ള്യു.എസ്.എസ്. പദ്ധയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതി കോളനിയിൽ നടപ്പിലാക്കി പഞ്ചായത്ത് ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചെങ്കിലും വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും പദ്ധതിയുടെ പ്രവർത്തനം മുടങ്ങുകയും ചെയ്തു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണഭോക്തൃ സമിതികൾ നടത്തിവരുന്ന കുടിവെള്ള പദ്ധതികളുടെ താരിഫ് നിരക്കിൽ കുറവുവരുത്തിയെങ്കിലും പ്രസ്തുത സമിതികൾ കുടിശ്ശിക തുക അടയ്ക്കാത്തതുമൂലം പദ്ധതി പ്രവർത്തനരഹിതമായി തുടരുകയാണ്. ത്രിതല പഞ്ചായത്തുകൾ മെയിന്റനൻസ് ഗ്രാന്റിൽ നിന്നുള്ള പണമെടുത്ത് വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച പ്രശ്നം ചർച്ചചെയ്ത് പരിഹരിക്കാവുന്നതാണ്. പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നവീകരണത്തിനായി ഫണ്ട് ചെലവാക്കുകയും ഹോസ്റ്റലിനാവശ്യമായ കുടിവെള്ള സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

പെൺകുട്ടികളുടെ ഹോസ്റ്റലിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രവർത്തിപ്പിക്കുവാൻ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയുർവേദ ഡിസ്പെൻസറി അറ്റകുറ്റപ്പണികൾ നടത്താൻ സാധ്യമല്ലെന്ന പൊതുമരാമത്ത് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക ഗ്രാമപഞ്ചായത്തിന് കൈമാറാനുള്ള നട പടികൾ സ്വീകരിച്ചിട്ടുണ്ട്.

(6) കെ.എസ്.റ്റി.പി. രണ്ടാംഘട്ട പ്രവർത്തികൾ

ശ്രീ. കെ.സി. ജോസഫ്: കെ.എസ്.റ്റി.പി ഒന്നാം ഘട്ടത്തിന്റെ പണികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനും രണ്ടാംഘട്ടത്തിന്റെ പണി എത്രയുംവേഗം ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : കെ.എസ്.റ്റി.പി. ഒന്നാംഘട്ടത്തിന്റെ അവശേഷിക്കുന്ന പണികൾ എത്രയുംവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. രണ്ടാം ഘട്ടത്തിൽ തലശ്ശേരി-വളവുപാറ റോഡ് ഉൾപ്പെടെയുള്ള ആറ് റോഡുകൾക്ക് 2009 മാർച്ച് മാസത്തിൽ ഭരണാനുമതി നൽകുകയും ആവശ്യമുള്ള തുക സ്വദേശത്തോ വിദേശത്തോ ഉള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തെങ്കിലും സർക്കാരിന് വേൾഡ് ബാങ്കിൽ നിന്നും കടമെടുക്കാനുള്ള പരിധി കഴിഞ്ഞുവെന്ന കാരണത്താൽ കേന്ദ്ര സർക്കാരിൽ നിന്നും ക്ലിയറൻസ് ലഭിച്ചില്ല. അതിനുശേഷം നടന്ന തുടർചർച്ചകളിൽ കേന്ദ്രത്തിന്റെ തീരുമാനം സംസ്ഥാനത്തിന് അനുകൂലമാണ്. രണ്ടാം ഘട്ടത്തിന് കേന്ദ്ര

സർക്കാരിന്റെ അനുമതി നേടിയെടുക്കാൻ സംസ്ഥാന സർക്കാർ പരിശ്രമിക്കുകയാണ്. അനുമതി ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(7) അനധികൃത കടവുകളിൽ നിന്നുള്ള മണലെടുക്കൽ

ശ്രീ.എം.ഹംസ: അനധികൃത കടവുകളിൽനിന്ന് മണലെടുക്കുന്നത് തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള സേനാസംവിധാനം ഭാരതപ്പുഴയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭാരതപ്പുഴയുടെ എല്ലാ ഭാഗങ്ങളിൽനിന്നും വ്യാപകമായ രീതിയിൽ മണലെടുക്കുന്നുവെന്ന പരാതികൾ റവന്യൂ ഉദ്യോഗസ്ഥന്മാരാണ് പോലീസിന്റെ സഹായത്തോടുകൂടി അന്വേഷിക്കുന്നത്. പോലീസിന്റെ ഒരു പ്രത്യേക ഫോഴ്സ് 2011 ജനുവരി മാസത്തിൽത്തന്നെ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭാരതപ്പുഴ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആദ്യമായി പാലക്കാട് ജില്ലയിൽ സേനാസംവിധാനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) മണലിന്റെ ദൗർലഭ്യംമൂലം നിർമ്മാണപ്രവർത്തനങ്ങൾ സ്തംഭിക്കുന്നത് ഒഴിവാക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് ന്യായമായ നിബന്ധന വച്ച് തമിഴ്നാട്ടിൽനിന്ന് മണൽ ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): അയൽസംസ്ഥാനങ്ങളിൽ നിന്ന് മണൽ ഇറക്കുമതി ചെയ്യുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ അത് ഉടനെ നീക്കം ചെയ്യുന്നതാണ്.

## (8) അക്രമ സംഭവങ്ങൾ

ശ്രീ. അടൂർ പ്രകാശ്: കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിലെ ശ്രീ. മാത്യു മുളകുപാടനേയും അദ്ദേഹത്തിന്റെ മകനേയും ആക്രമിച്ച് പരിക്കേൽപ്പിച്ച ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 26-12-2010-ന് പടക്കംപൊട്ടിച്ചതുമായി ബന്ധപ്പെട്ട് ഇഞ്ചപ്പാറയിൽ റിനോമാത്യു, അഭികൃഷ്ണനെ ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിൽ കൂടൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഭവത്തിൽ പ്രതിഷേധിച്ച് 28-12-2010-ന് കുറേപ്പേർ ഇഞ്ചപ്പാറ ജംഗ്ഷനിൽ പ്രകടനം നടത്തുകയും അതിനുശേഷം ഇഞ്ചപ്പാറ ജംഗ്ഷനുസമീപംവച്ച് ചിലർ റിനോ മാത്യുവിനേയും പിതാവ് മാത്യു മുളകുപാടനേയും ദേഹോപദ്രവം ഏൽപ്പിക്കുകയും സ്ഥലത്ത് പാർക്ക് ചെയ്തിരുന്ന മാരുതി കാറിന്റെ ഗ്ലാസ് അടിച്ചുതകർക്കുകയും ചെയ്തു. ഇക്കാര്യത്തിൽ കൂടൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഈ കേസ്സിൽ 7 പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്. മറ്റുപ്രതികളെ എത്രയുംവേഗം പിടികൂടുന്നതിനുള്ള അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതാണ്. അഭികൃഷ്ണനെ ദേഹോപദ്രവം ഏൽപ്പിച്ച കേസ്സിൽ റിനോ മാത്യുവിനെ 29-ാം തീയതി അറസ്റ്റ് ചെയ്തിട്ടുണ്ട്. അവിടെ ക്രമസമാധാനം നിലനിർത്തുന്നതിനിനാവശ്യമായ നിർദ്ദേശം എസ്.പി.-ക്ക് നൽകിയിട്ടുണ്ട്.

(9) മലബാർ സിമെന്റ്സിന്റെ പ്രവർത്തനം

ശ്രീ. പി. തിലോത്തമൻ: ഒന്നര വർഷത്തോളമായി സ്തംഭനത്തിലായി രിക്കുന്ന ചേർത്തലയിലെ മലബാർ സിമെന്റ്സ് യൂണിറ്റിന്റെ പ്രവർത്തനം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): തൊഴിലാളികളുമായു ണ്ടായ തൊഴിൽത്തർക്കത്തെത്തുടർന്ന് 03-05-2009 മുതൽ ചേർത്തല പള്ളിപ്പുറത്തുള്ള മലബാർ സിമെന്റ്സിന്റെ ഗ്രൈന്റിംഗ് യൂണിറ്റിലെ കരാറുകാ രൻ ജോലി നിർത്തിവക്കുകയും ഉൽപ്പാദനപ്രക്രിയ സ്തംഭിക്കുകയും ചെയ്തു. തുടർന്ന് ലേബർ കമ്മീഷണറുടെ സാന്നിധ്യത്തിൽ നിരവധി ചർച്ച കൾ നടന്നിട്ടും പ്രശ്നപരിഹാരമുണ്ടായില്ല. പ്രസ്തുത യൂണിറ്റ് സ്തംഭിക്കാ തിരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(10) ചീക്കോട് കുടിവെള്ള പദ്ധതി

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സ്പാൻ പദ്ധതിയിലുൾപ്പെടുത്തി 71 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ചീക്കോട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കി എത്രയുംപെട്ടെന്ന് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): കിണർ, പമ്പ് ഹൗസ്, റാ-വാട്ടർ മെയിൻ, ഭൂതല സംഭരണി എന്നിവ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന ചീക്കോട് കുടിവെള്ള പദ്ധതി എൽ.ഐ.സി. സഹായം നിർത്തലാക്കിയതിനെത്തുടർന്ന് 2008-ൽ സ്പാൻ-ൽ ഉൾപ്പെടുത്തി 70.57 കോടി രൂപയുടെ എ.എസ്സും. ടി.എസ്സും ലഭ്യ മാക്കിയിരുന്നു. പദ്ധതി രണ്ടു പാക്കേജുകളായും പ്രസ്തുത പാക്കേജുകൾ

വീണ്ടും സബ്പാക്കേജുകളായും തിരിക്കുകയും അവയിൽ ചിലതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്യുന്നതുകൊണ്ട് പുനർദർഘാസ് ആവശ്യമായി വരുന്നതിനാലാണ് ടെണ്ടർ നടപടികൾ വൈകുന്നത്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ദൂരീകരിക്കാൻ ശ്രമം നടത്തുന്നതാണ്.

(11) <u>നിലമ്പൂർ -ഷൊർണ്ണൂർ ട്രെയിൻ സർവ്വീസ്</u>

<u>ശ്രീ. വി. ശശികുമാർ:</u> കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തി ഏറനാട്, വള്ളുവനാട്, നിലമ്പൂർ മേഖലയെ തെക്കൻ ജില്ലകളുമായി ബന്ധിപ്പിക്കാനുതകുന്ന നിലമ്പൂർ-ഷൊർണ്ണൂർ റെയിൽപാത തിരുവനന്തപുരം വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> മലപ്പുറം ജില്ലയിലെ മലയോര പ്രദേശങ്ങളെ തെക്കൻ ജില്ലകളും തിരുവനന്തപുരവുമായി ബന്ധിപ്പിക്കുന്ന നിലമ്പൂർ-നഞ്ചൻകോട് റെയിൽപാതയുടെ സർവ്വേക്കുള്ള അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ നടക്കുകയാണ്. നിലമ്പൂർ-ഷൊർണ്ണൂർ പാതയുടെ കാര്യവും ഗൗരമായി കണ്ടുകൊണ്ട് ഡിസംബർ 31-നു നടക്കാനിരിക്കുന്ന 2011-ലെ പ്രീ റെയിൽവേ ബഡ്ജറ്റ് ഡിസ്ക്കഷനിൽ മുഖ്യ അജണ്ടയായി ചർച്ച ചെയ്യുന്നതാണ്.

(12) <u>കുട്ടികളെ കടത്തിക്കൊണ്ടുവരുന്ന സംഘങ്ങൾക്കെതിരെ നടപടി</u>

<u>ശ്രീ. കെ. ബി. ഗണേഷ്കുമാർ</u>: അന്യസംസ്ഥാനങ്ങളിൽനിന്നും കുട്ടികളെ കടത്തിക്കൊണ്ടുവന്ന് വ്യവസായ-വ്യാപാരസ്ഥാപനങ്ങളിലും ഹോട്ടലുകളിലും പണിയെടുപ്പിക്കുകയും ബാലഭിക്ഷാടനം നടത്തുകയും

പ്രകൃതിവിരുദ്ധ പീഡനങ്ങൾക്കിരയാക്കുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ഇത്തരം സ്ഥാപനങ്ങൾ റെയ്ഡ് ചെയ്ത് കുട്ടികളെ മോചിപ്പിച്ച് രക്ഷിതാക്കളെ ഏൽപ്പിക്കാനും അനാഥരായ കുട്ടികളെ ശിശുക്ഷേമ സമിതിയുടെ കീഴിൽ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ബാലവേലയ്ക്കും ബാലഭിക്ഷാടനത്തിനുമായി കുട്ടികളെ കടത്തിക്കൊണ്ടുവന്ന 11 സംഭവങ്ങളിൽ 19 പേരെ അറസ്റ്റ് ചെയ്യുകയും 2000-ത്തിലെ ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരികയുമാണ്. ഈ കാലയളവിൽ കടത്തിക്കൊണ്ടുവന്ന 67 കുട്ടികളെ മോചിപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ സഹായത്തിനുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ചില ജില്ലകളിൽ 1098 എന്ന നമ്പരിൽ ചൈൽഡ് ലൈൻ എന്ന പേരിൽ ഒരു പ്രത്യേക ലാൻഡ് ലൈൻ സംവിധാനം നിലവിലുണ്ട്. ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജുവനൈൽ ബോർഡുകൾ സ്ഥാപിക്കുകയും ക്രൈം ഡിറ്റാച്ചുമെന്റ് ഡിവൈ.എസ്.പി.-മാരെ അതാത് ജില്ലകളിലെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുമായുള്ള പോലീസ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബാലവേലയ്ക്കും ബാലഭിക്ഷാടനത്തിനുമെതിരെ നടപടി സ്വീകരിക്കുന്നതിനായി

എല്ലാ പോലീസ് സൂപ്രണ്ടുമാർക്കും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ സ്പെഷ്യൽ ബ്രാഞ്ചിനോട് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കാൻ നിർദ്ദേശം നൽകുന്നതാണ്. അതത് സ്ഥലങ്ങളിലെ സന്നദ്ധസംഘടനകൾ, പൊതുപ്രവർത്തകർ, റസിഡന്റ്സ് അസോസ്സിയേഷനുകൾ, എൻ.ജി.ഒ.-കൾ എന്നിവരുടെ സഹകരണത്തോടെ ബാലവേല, ഭിക്ഷാടനം എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് നിയമനടപടികൾ സ്വീകരിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റയിൽവെ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ മുതലായ സ്ഥലങ്ങളിൽ പോലീസ് ബീറ്റ് ശക്തമാക്കി വേണ്ട നിയമനടപടികൾ സ്വീകരിക്കണമെന്നും പോലീസ് നടപടികൾ ജില്ലാ സൂപ്രണ്ടുമാർ എല്ലാ മാസവുംകൂടുന്ന കോൺഫറൻസിൽ അവലോകനം ചെയ്യണമെന്നും കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായുള്ള ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഇതൊരു പ്രത്യേക ഇനമായെടുത്ത് നടപടിയെടുക്കണമെന്നും നിർദ്ദേശിക്കുന്നതാണ്.

(13) പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. വി.എൻ. വാസവൻ: 1995-ലെ ഇ.പി.എഫ്. പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കണമെന്നും 1948-ലെ പി.എഫ്/ഇ.എസ്.ഐ. ആക്ടുകൾ ഭേദഗതി ചെയ്യണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 1995-ലെ ഇ.പി.എഫ്. പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കണമെന്ന് അഭ്യർത്ഥിച്ചെങ്കിലും നാളിതുവരെ യാതൊരു നടപടിയും കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടില്ല. സംസ്ഥാന

സർക്കാരിന് നിരവധി സംഘടനകൾ സമർപ്പിച്ച നിവേദനങ്ങൾ അടിയന്തിര നടപടികൾക്കായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന് നൽകിയിട്ടുണ്ട്.

(14) പ്ലസ്-ടു പരീക്ഷയുടെ മാർക്ക്

ശ്രീമതി കെ.എസ്. സലീഖ: 2011 മുതൽ എൻജിനീയറിംഗ് പ്രവേശത്തിനെന്നപോലെ മെഡിക്കൽ പ്രവേശനത്തിനും പ്ലസ് ടു പരീക്ഷയുടെ മാർക്കു കൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുമതിയോടുകൂടി മാത്രമേ ഇത്തരത്തിലൊരു മാറ്റം വരുത്താൻ കഴിയുകയുള്ളൂ. നിയമസഭ നിയമഭേദഗതി പാസ്സാക്കി അയച്ചുകൊടുത്താൽ അത് പരിശോധിച്ച് തീരുമാനമെടുക്കാമെന്നാണ് അവർ അറിയിച്ചിട്ടുള്ളത്. ഒരു വർഷത്തിനകം ഈ നടപടിക്രമം പാലിക്കാവുന്നതാണ്.

(15) സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ

ശ്രീ. സാജു പോൾ: സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം): യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരം നടപ്പാക്കിവരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്റർ വഴിയാണ് ആശുപത്രി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. രണ്ടാം വർഷം എൻറോൾമെന്റ് നടപടികൾ 2010

സെപ്റ്റംബർ വരെ നീണ്ടുപോയതുകൊണ്ടും ചില ജില്ലകളിൽ ഈ വർഷം പുതിയ ടി.പി.എ-മാരെ നിയമിച്ചതുമൂലം ആശുപത്രികളുമായുള്ള ഇടപാടുകൾ പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസംകൊണ്ടും ഈ വർഷം ആദ്യമാസങ്ങളിൽ സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഉദ്ദേശിച്ച രീതിയിൽ ലഭ്യമാകാതെ വന്നെങ്കിലും സർക്കാർ തലത്തിൽ പദ്ധതി നടപ്പാക്കുന്ന ഏജൻസിയുടെ നിരന്തര ഇടപെടൽകൊണ്ട് ഇപ്പോൾ 128 സ്വകാര്യ ആശുപത്രികളിലും 142 സർക്കാർ ആശുപത്രികളിലും പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ കൊണ്ടുവരാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പരിയാരം മെഡിക്കൽ കോളേജ്, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്നിവയെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. 31-3-2011 ആകുമ്പോൾ ഏകദേശം 337000 കുടുംബങ്ങൾക്ക് 130 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(16) <u>വൈദ്യുതി പോസ്റ്റുകളുടെ അഭാവം</u>

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u>: വൈദ്യുതി പോസ്റ്റുകളുടെ അഭാവംമൂലം മലപ്പുറം ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം ഉൾപ്പെടെയുള്ള കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് മലപ്പുറം ജില്ലയ്ക്ക് പ്രത്യേകമായി പോസ്റ്റുകൾ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u> : കരാർ നൽകിയ കമ്പനികൾ സമയബന്ധിതമായി വിതരണം ചെയ്യാത്തതുകൊണ്ടാണ് മലപ്പുറം ജില്ലയിൽ പോസ്റ്റുകൾക്ക്

ക്ഷാമം ഉണ്ടായത്. മറ്റ് ജില്ലകളിൽനിന്ന് പോസ്റ്റുകൾ ഡൈവെർട്ട് ചെയ്തെങ്കിലും പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. കരാർ കൊടുത്ത കമ്പനികളിൽനിന്നുതന്നെ പോസ്റ്റ് കിട്ടുന്നതിനുള്ള ശ്രമം നടത്തിയെങ്കിലും കരാറിലെ വ്യവസ്ഥകൾപ്രകാരം കമ്പനികൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ അംഗീകരിക്കാൻ കഴിയാത്തതിനാൽ കരാറുകൾ റദ്ദ് ചെയ്ത് വീണ്ടും ടെണ്ടർ വിളിച്ചു. മലപ്പുറം ജില്ലയിലെ മഞ്ചേരി, തിരൂർ സർക്കിളുക ളിലേയ്ക്ക് രണ്ട് വർഷത്തേയ്ക്ക് 95000-ത്തോളം പോസ്റ്റുകൾ വിതരണം ചെയ്യാനുള്ള കരാർ പുതിയ 3 കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ജനുവരി അവസാനത്തോടെ പോസ്റ്റുകൾ കിട്ടിത്തുടങ്ങും.

(17) <u>കള്ളുചെത്ത് വ്യവസായം</u>

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : തൃശൂർ ജില്ലിയിലെ 96 ഷാപ്പുക ളിലായി കള്ളുചെത്തുവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആയിരത്തിഎണ്ണൂ റോളം തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുകയും അവരുടെ കുടുംബങ്ങൾ പട്ടിണിയിലാവുകയും ചെയ്തിരിക്കുകയാണ്. തൃശൂർ ജില്ലയിലെ കള്ളുഷാ പ്പുകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും അവിടത്തെ പ്രതിസന്ധി പരിഹരി ക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പു മന്ത്രി <u>(ശ്രീ. എളമരം കരീം)</u>: മലപ്പുറം മദ്യദുരന്തത്തെത്തുടർന്ന് സംസ്ഥാ നത്തെ പല ജില്ലകളിലേയും കള്ളുഷാപ്പുകൾ സ്വമേധയാ അടച്ചുപൂട്ടി യതിനാൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. തൃശൂർ ജില്ലയിൽ മൊത്തമുള്ള 723 ഷാപ്പുകളിൽ 505 ഷാപ്പുകൾ ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. തൃശൂർ താലൂക്കിലെ മൊത്തമുള്ള 148

ഷാപ്പുകളിൽ 50 ഷാപ്പുകളേ പ്രവർത്തിക്കുന്നുള്ളൂ. 17-12-2010-ന് ചേർപ്പ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വിളിച്ചുചേർത്ത ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിലെ തീരുമാനപ്രകാരം 30 ദിവസത്തിനകം ഷാപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നില്ലെങ്കിൽ ലൈസൻസ് റദ്ദ് ചെയ്ത് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് വ്യവസ്ഥയിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതാണ്. ഇതിനുമുമ്പ് 3 പ്രാവശ്യം തൃശൂർ ജില്ലയിലെ പ്രശ്നം പരിഹരിക്കുന്നതിന് എക്സൈസ് കമ്മീഷണർ ജില്ലാ തലത്തിൽ യോഗം വിളിച്ചുകൂട്ടി. 30 ദിവസത്തിനകം ഷാപ്പുകൾ തുറന്നുപ്രവർത്തിക്കാതിരുന്ന ചേർപ്പ്, തൃശൂർ, അന്തിക്കാട് എന്നീ റേഞ്ചുകളിൽപ്പെട്ട മൊത്തം 90 ഷാപ്പുകളുടെ ലൈസൻസ് 28-12-2010-ലെ ഉത്തരവുപ്രകാരം റദ്ദ് ചെയ്തു. ഈ ഷാപ്പുകൾ ഡിപ്പാർട്ടുമെന്റ് മാനേജ്മെന്റ് വ്യവസ്ഥയിൽ തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഷാപ്പുകൾ തുറന്നുപ്രവർത്തിപ്പിക്കാനും തൊഴിലാളികളെ സംരക്ഷിക്കാനും വകുപ്പ് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(18) <u>പുതിയ അണക്കെട്ട് നിർമ്മാണം</u>

<u>ശ്രീ. സി. പി. മുഹമ്മദ്</u> : റൂർക്കി ഐ.ഐ.ടി.-യിലെ പഠനസംഘം ഭൂകമ്പമുണ്ടായാൽ മുല്ലപ്പെരിയാർ അണക്കെട്ട് തകരുമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ള സാചര്യത്തിൽ കേരളത്തിലെ മൂന്ന് ജില്ലകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടഭീഷണിയുള്ളതിനാൽ പുതിയ അണക്കെട്ട് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u>: ഡെൽഹി ഐ.ഐ.ടി.-യുടെ പഠനറിപ്പോർട്ടിൽ മുല്ലപ്പെരിയാർ ഡാം ഹൈഡ്രോളജിക്കലി അൺസേഫാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഐ.ഐ.ടി. റൂർക്കിയു

ടേയും 2009-ലെ സെസ്മിക് സ്റ്റെബിലിറ്റി ഓഫ് മുല്ലപ്പെരിയാർ കോമ്പസിറ്റ് ഡാം പാർട്ട് I, II-ന്റേയും റിപ്പോർട്ടുപ്രകാരം ഇപ്പോഴുള്ള ഡാം ഡാമേജ്ഡാണെന്നും സീരിയസ് അറ്റൻഷൻ ആവശ്യമാണെന്നും പുതിയ ഡാം കെട്ടണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. 2007-08-ലെ ബഡ്ജറ്റിൽ നിലവിലുള്ള അണക്കെട്ടിന് പകരമായി പുതിയ അണക്കെട്ട് നിർമ്മിക്കാനുള്ള തീരുമാനം പ്രഖ്യാപിച്ചതിനെത്തുടർന്ന് പുതിയ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പര്യവേക്ഷണത്തിനായി 13125000 രൂപയ്ക്കുള്ള ഭരണാനുമതി നൽകി. നിർദ്ദിഷ്ട അണക്കെട്ടിന്റെ താഴേയ്ക്കുള്ള ഭാഗം പെരിയാർ ടൈഗർ റിസർവ്വ് വനത്തിനകത്താണ്. ഈ ഭാഗം സർവ്വേ നടത്താനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുമതി നൽകുകയുണ്ടായി. സർവ്വേ 30-05-2010-ൽ പൂർത്തിയായി. പുതിയ ഡാമിന്റെ അലൈൻമെന്റ് പഴയ ഡാമിൽനിന്ന് 1300 അടി താഴെയായി കണ്ടെത്തി. അലൈൻമെന്റ് ബോർഹോൾസ് എടുക്കുന്നതിന് എൽ.ബി.എസ്.-ന് അനുമതി നൽകുകയും അഞ്ച് ബോർഹോൾസ് പൂർത്തിയാക്കുകയും ചെയ്തു. പുതിയ ഡാം രൂപകൽപ്പന ചെയ്ത കരട് ഡി.പി.ആർ., ഫീസിബിലിറ്റി റിപ്പോർട്ട് ഇവ തയ്യാറാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിനകം അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മുല്ലപ്പെരിയാർ കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട എംപവേർഡ് കമ്മിറ്റിക്കുമുമ്പാകെ പുതിയ ഡാം നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയും നിർദ്ദേശങ്ങളും കാര്യക്ഷമതയോടെ അവതരിപ്പിച്ച് കേരളത്തിന് അനുകൂലമായ വിധി നേടിയെടുക്കുന്നതിനുള്ള പരിശ്രമങ്ങൾ സ്വീകരിച്ചുവരുന്നു. റിപ്പയർ ആന്റ്

മെയിന്റനൻസുകൊണ്ട് ഈ ഡാം സുരക്ഷിതമാക്കാൻ കഴിയില്ല എന്നുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. പുതിയ ഡാം എന്നുള്ളത് അംഗീ കരിച്ചിട്ടില്ലെങ്കിലും അതിന്റെ സാധ്യതകളെ സംബന്ധിച്ച് എംപവേർഡ് കമ്മിറ്റി പരിശോധിച്ചുവരികയാണ്.

(19) കൊരട്ടി ടൗൺ വികസനം

ശ്രീ. ബി.ഡി. ദേവസ്സി: ചാലക്കുടി നിയോജകമണ്ഡലത്തിലെ കൊരട്ടി പട്ടണത്തിൽ എൻ.എച്ച്. 47-ന്റേയും റെയിൽവേ ഓവർബ്രിഡ്ജിന്റേയും പണിനടക്കുന്നതിനാൽ കച്ചവടസ്ഥാപനങ്ങൾ ടാക്സി സ്റ്റാൻഡ്, ബസ് സ്റ്റാൻഡ് മുതലായവ പൊളിച്ചുമാറ്റപ്പെട്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരമു ണ്ടാക്കുന്നതിനായി വൈഗാ ത്രെഡ്സ് കമ്പനി ഉപയോഗിക്കാതെയിട്ടിരിക്കുന്ന സ്ഥലത്തുനിന്നും അഞ്ചേക്കർ സ്ഥലം കൊരട്ടി ഗ്രാമപഞ്ചായത്തിന് സൗജന്യ മായി വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 99 വർഷത്തേയ്ക്ക് മെസേഴ്സ് വൈഗാ ത്രെഡ്സ് ലിമിറ്റഡിന് ഗവൺമെന്റ് പാട്ടത്തിന് നൽകിയി രുന്ന 84.85 ഏക്കറിൽ കുറച്ചു സ്ഥലം മാത്രമാണ് കമ്പനി ഉപയോഗി ക്കുന്നത്. പാട്ട വ്യവസ്ഥകൾ ലംഘിച്ച് ഭൂമി അവർ കൈവശപ്പെടുത്തിയതി നെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി 45.43 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തു. ഇതിൽ 30 ഏക്കർ ഭൂമി സംസ്ഥാന ഐ.ടി. പാർക്കിനായി ഗവൺമെന്റ് ഇതിനകം നൽകുകയും പ്രശസ്തമായ പല ഐ.ടി. കമ്പനികളും അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 15.43 ഏക്കറിന് വീണ്ടും ഈ കമ്പനി ഹൈക്കോടതിയിൽ കേസ് കൊടുക്കുകയും ഒട്ടേറെ നിയമപ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്തെങ്കിലും

ഗവൺമെന്റിന് ഈ സ്ഥലം ലഭ്യമാകുന്നതാണ്. കമ്പനിക്ക് ഇത്രയും സ്ഥലം ആവശ്യമില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. പഞ്ചായത്തിന്റെ പൊതു വികസന പ്രവർത്തനത്തിനായി രണ്ടേക്കർ ഭൂമി കൈമാറാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കുകയാണ്. ഈ രണ്ടേക്കറിൽ നിന്നുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(20) കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കൽ

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാർ ജലാശയത്തിന്റെ കരയിൽ താമസിക്കുന്ന കർഷകരുടെ കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാർഡാം, അഞ്ചുചങ്ങല പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട് വില്ലേജുകളിലെ ഭൂമി കൈവശക്കാർക്ക് പട്ടയം നൽകുന്ന നടപടിയ്ക്കായി ഒരു ഡെപ്യൂട്ടി തഹസീൽദാരും രണ്ട് ഫസ്റ്റ് ഗ്രേഡ് സർവ്വേയർമാരും ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ഓഫീസ് കള്ളിക്കാട് ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശം ഇറിഗേഷൻ-വനം വകുപ്പുകളുടെ വകയായുള്ള സ്ഥലമാണ്. റിക്കാർഡുകൾ ഹാജരാക്കിയ കേസുകളിൽ തുടർനടപടികൾ ആരംഭിക്കുവാൻ ജില്ലാ സർവ്വേ സൂപ്രണ്ടുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. ജനുവരി 31-നുള്ളിൽ അർഹതപ്പെട്ടവർക്ക് നിയമാനുസൃതം പട്ടയം കൊടുക്കാനും അതിന് കഴിയാത്തവർക്ക് കൈവശരേഖ കൊടുക്കാനും കഴിയുമോ എന്നാണ് ഗവൺമെന്റ്

പരിശോധിക്കുന്നത്. ഇതിന് ഇറിഗേഷൻ-വനം വകുപ്പുകളുടെ കൂടി അനുമതി ആവശ്യമാണ്.

(21) മൺപാത്ര തൊഴിലാളികളെ ഐഡന്റിഫൈ ചെയ്യാൻ നടപടി

ശ്രീമതി ജെ. അരുന്ധതി: രണ്ടുരൂപ നിരക്കിൽ നൽകുന്ന റേഷൻ വിഹിതം മൺപാത്ര നിർമ്മാണത്തൊഴിലാളികൾക്കും അനുവദിക്കാൻ നിശ്ചയിച്ചിരുന്നെങ്കിലും ഇവരെ ഐഡന്റിഫൈ ചെയ്യാൻ നിലവിലുള്ള സംവിധാനത്തിന് കഴിയാത്തതിനാൽ റേഷൻവിഹിതം ലഭ്യമാകാതെ പോകുന്ന സാഹചര്യം കണക്കിലെടുത്ത് ഇവരെ ഐഡന്റിഫൈ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് രണ്ടുരൂപ നിരക്കിൽ ഭക്ഷ്യധാന്യം 2010 ജൂൺ മാസം 1-ാം തീയതി മുതൽ വിതരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവായെങ്കിലും ഇവരുടെ അർഹതാ മാനദണ്ഡം നിശ്ചയിക്കുന്നതിൽ ചില പ്രയാസങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കുന്നതിനും രണ്ടുരൂപ നിരക്കിൽ ഇവർക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(22) കെ.എസ്.എഫ്.ഡി.സി-യുടെ നിയമവിരുദ്ധ നടപടി

ശ്രീ. വി. ശിവൻകുട്ടി: മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ നിര്യാണത്തെത്തുടർന്ന് സംസ്ഥാനത്ത് പൊതു അവധി പ്രഖ്യാപിച്ച 24-12-2010-ന് സാംസ്ക്കാരിക വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ്

കോർപ്പറേഷൻ തുറന്നുപ്രവർത്തിക്കുകയും മുമ്പ് സ്വഭാവദൂഷ്യത്തിന്റെ പേരിൽ ഡയറക്ടർബോർഡ് പിരിച്ചുവിട്ട ജീവനക്കാരനെ തിരിച്ചെടുക്കുന്നതിന് എം.ഡി. അന്നേ ദിവസം ഉത്തരവിറക്കുകയും ചെയ്തത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): പൊതു അവധി പ്രഖ്യാപിച്ച 24-12-2010-ന് കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ തുറന്ന് പ്രവർത്തിച്ചതിനേയും സ്വഭാവദൂഷ്യത്തിനായി ഡയറക്ടർ ബോർഡ് മുമ്പ് പിരിച്ചുവിട്ട ജീവനക്കാരനെ തിരിച്ചെടുക്കുന്നതിന് അന്നേ ദിവസം ഉത്തരവിറക്കിയതിനേയും സംബന്ധിച്ച് സെക്രട്ടറി തലത്തിൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളുന്നതാണ്.

(23) മെഡിക്കൽകോളേജ് വികസനത്തിന് ഏറ്റെടുത്ത സ്ഥലം

ശ്രീ. എം. എ. വാഹീദ്: ഏറ്റെടുത്ത സ്ഥലം തന്നെ ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി ബി.പി.എൽ.കുടുംബങ്ങളുടെ രണ്ടും മൂന്നും സെന്റ് സ്ഥലങ്ങൾ ഏറ്റെടുത്തത് ഒഴിവാക്കിക്കൊടുക്കുകയോ അവരെ പുനരധിവസിപ്പിക്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): 1976-ലെ അംഗീകൃത സ്കീമിൽ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി നിർദ്ദേശിക്കപ്പെട്ടിരുന്ന 19.42 ഹെക്ടർ സ്ഥലത്തിൽ നിന്ന് 10.28 ഹെക്ടർ സ്ഥലം ഒഴിവാക്കിയിട്ടുണ്ട്. വികസനത്തിന് സ്ഥലം

ഏറ്റെടുക്കാത്ത സാഹചര്യത്തിലും സ്വകാര്യവ്യക്തികൾക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി ലഭ്യമല്ലാത്ത സാഹചര്യത്തിലും ധാരാളം പരാതികൾ സർക്കാരിന് ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത സ്കീം പരിഷ്കരിക്കുന്നതിന് നഗര-ഗ്രാമാസൂത്രണ വകുപ്പിനെ ചുമതലപ്പെടുത്തുകയും 20-8-2010-ൽ കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിനെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുന്നതിനായി 60 ദിവസം അനുവദിച്ചിരുന്നു. ലഭിച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ചതിനുശേഷം മാത്രമേ സ്കീമിന് അന്തിമമായി അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂ. മെഡിക്കൽ കോളേജിന്റെ വികസനത്തിനായി കൂടുതൽ സ്ഥലം ആവശ്യമില്ല എന്ന വാദം സർക്കാരിന് അംഗീകരിക്കാൻ കഴിയുകയില്ല.

(24) താൽക്കാലിക മദ്യനിരോധനം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: വിഷമദ്യ ദുരന്തത്തെത്തുടർന്ന് മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ താൽക്കാലിക മദ്യനിരോധനം നിലനിൽക്കുകയാണ്. അടച്ചിട്ട ഷാപ്പുകൾ തുറക്കാതിരിക്കാനും പുതിയ ലൈസൻസുകൾ നൽകാതിരിക്കാനും ജോലി നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : മദ്യദുരന്തത്തെത്തുടർന്ന് മലപ്പുറത്ത് സർക്കാർ താൽക്കാലിക മദ്യനിരോധനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ പല കള്ളുഷാപ്പുകളും ലൈസൻസികൾ സ്വയം അടച്ചിട്ടിരിക്കുകയാണ്. ഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് വിൽക്കുന്നതിന് യാതൊരുവിധ നിരോധ

നവും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല. വിൽക്കപ്പെടുന്ന കള്ളിൽ യാതൊരു വിധ കലർപ്പുകളും ഇല്ലെന്ന് ഉറപ്പുവരുത്താൻ കള്ളുഷാപ്പുകളിൽ പരിശോധന നടത്തുകയും വിൽപ്പനയ്ക്കുവച്ചിരിക്കുന്ന കള്ളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും കള്ളുഷാപ്പുകളും പരിസരങ്ങളും സൂക്ഷ്മനിരീക്ഷണത്തിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. കൃത്രിമത്വം നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ലൈസൻസിക്കെതിരെ അബ്കാരി ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(25) <u>കണ്ടശ്ശാംകടവ് ഹൈസ്ക്കൂൾ നശിപ്പിച്ച സംഭവം</u>

<u>ശ്രീ. മുരളി പെരുനെല്ലി</u> : മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവ് സർക്കാർ ഹൈസ്കൂളിന്റെ ഓഫീസും ക്ലാസ്സ്റൂമുകളും തീവച്ച് നശിപ്പിച്ചവരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവ് സർക്കാർ ഹൈസ്കൂളിന്റെ ഓഫീസും ക്ലാസ്സ്റൂമുകളും തീവച്ച് നശിപ്പിച്ച സംഭവത്തിൽ സ്കൂൾ ഹെഡ്മാസ്റ്ററുടെ പരാതിപ്രകാരം അന്തിക്കാട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഫിംഗർ പ്രിന്റ് വിദഗ്ദ്ധരുടെയും സയിന്റിഫിക് അസിസ്റ്റന്റിന്റെയും സേവനം ഉപയോഗപ്പെടുത്തി ശാസ്ത്രീയമായ അന്വേഷണം ആരംഭിക്കുകയും പ്രതികളെ കണ്ടുപിടിക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാ പോലീസ് സൂപ്രണ്ട് സംഭവസ്ഥലം സന്ദർശിക്കുകയും കേസ്സന്വേഷണം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രതികളെ പിടികൂടുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതാണ്.

(26) താലൂക്ക് ആശുപത്രിയിൽ കോൾപ്പോസ്കോപ്പി പരിശോധന

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സ്ത്രീകളിലുണ്ടാകുന്ന ഗർഭാശയ കാൻസർ കണ്ടെത്തുന്നതിനായി കേരളത്തിലെ താലൂക്ക് ആശുപത്രികളിൽ കോൾപ്പോസ്കോപ്പി പരിശോധന നിർബന്ധമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഗർഭാശയ കാൻസർ കണ്ടെത്തുന്നതിനായി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിലെ ഗൈനക്കോളജി വിഭാഗങ്ങളിലൂടെയും ഫീൽഡ്തല കാൻസർ നിർണ്ണയ ക്യാമ്പുകളിലൂടെയും പാപ്സ്മിയർ ടെസ്റ്റ് നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലും ഗർഭാശയ സംബന്ധമായ അസുഖങ്ങളുമായി എത്തുന്ന രോഗികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും സംശയകരമായ കേസ്സുകളിൽ സ്മിയർ എടുത്ത് കൂടുതൽ പരിശോധനയ്ക്കായി ആർ.സി.സി.-യിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലുള്ള ഡോക്ടർമാരും പബ്ളിക് ഹെൽത്ത് സ്റ്റാഫും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുമുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും ചില ആശുപത്രികളിൽ ഇപ്പോൾ കോൾപ്പോസ്കോപ്പി പരിശോധനാ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. ചെലവേറിയതും ഡോക്ടർമാർക്ക് പ്രത്യേക പരിശീലനവും ആവശ്യമുള്ള

ഒരു സംവിധാനമായതിനാൽ താലൂക്കുതലം വരെയുള്ള ആശുപത്രികളിൽ ഇത് നിർബന്ധമാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(27) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ

ശ്രീ. പി. വിശ്വൻ: കൊയിലാണ്ടിയിൽ ഫയർ ആന്റ് റെസ്ക്യൂ_സർവ്വീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി മുനിസിപ്പൽ കൗൺസിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്ന അവസരത്തിൽ കൊയിലാണ്ടിക്ക് മുൻഗണന നൽകുന്നതാണ്.

(28) കെ. കരുണാകരൻ സ്മാരക ഫൈൻ ആർട്ട്സ് കോളേജ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: അന്തരിച്ച മുൻ മുഖ്യമന്ത്രി കെ.കരുണാകരന്റെ സ്മരണാർത്ഥം തൃശ്ശൂർ ഫൈൻ ആർട്ട്സ് കോളേജിന് കെ. കരുണാകരൻ സ്മാരക ഫൈൻ ആർട്ട്സ് കോളേജ് എന്ന് നാമകരണം ചെയ്യാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): തൃശൂരിലെ ഫൈൻ ആർട്ട്സ് കോളേജ് കെ. കരുണാകരൻ സ്മാരക ഫൈൻ ആർട്സ് കോളേജ് എന്ന് നാമകരണം ചെയ്യണമെന്നുള്ള ആവശ്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. സി. കെ. പി. പത്മനാഭൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കൃഷിയുടെ വളർച്ചയ്ക്കും മണ്ണിന്റെ ജലാംശം നിലനിർത്താനും ഫലഭൂയിഷ്ഠത സംരക്ഷിക്കുന്നതിനും കന്നുകാലിവളർത്തൽ വളരെ പ്രധാന പ്പെട്ട ഒരു ഘടകമാണ്. കന്നുകാലി സമ്പത്തിൽ പ്രധാന സ്ഥാനമുണ്ടായിരുന്ന കേരളം ജനങ്ങളുടെ ജീവിതരീതിയിൽ വന്ന മാറ്റം കാരണം വളരെ പിന്നിലാ

യിരിക്കുകയാണ്. ഉൽപ്പാദനരീതിയും കൂട്ടുസംരംഭമെന്ന ആശയവും സംയോജിപ്പിച്ച് സഹകണ പ്രസ്ഥാനങ്ങളേയും കുടുംബശ്രീ യൂണിറ്റുക ളേയും സഹകരിപ്പിച്ചുകൊണ്ട് ഗവേഷണ ഫലം നല്ല രീതിയിൽ ഉപയോഗപ്പെ ടുത്താൻ സാധിക്കണം. പാലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വെറ്ററിനറി സർവ്വകലാശാലയുടെ ഗവേഷണങ്ങൾ പര്യാപ്തമാകേണ്ടതുണ്ട്. കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ ഗവേഷണരംഗത്ത് ശ്രദ്ധയുണ്ടാ കുന്ന വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കണം. കോഴിയുടേയും മുട്ടയുടേയും ഉൽപ്പാദന വർദ്ധനവിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരി ക്കണം. മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഓരുജലത്തിൽ വളർത്താൻ പറ്റുന്ന താറാവുകളെ കണ്ടെത്തി താറാവു കൃഷി പ്രോൽസാഹിപ്പിക്കണം. കന്നുകാലിത്തീറ്റ ഉൽപാദനത്തിന് പ്രാധാന്യം നൽകണം. ശത്രു കീടങ്ങളെ നശിപ്പിക്കുന്നതിനായി മിത്രകീടങ്ങളെ വികസിപ്പിച്ചെടുക്കണം. നായ വളർത്തൽ കൂടി ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. കന്നുകാലിക ളുടേയും മൃഗങ്ങളുടേയും ചികിത്സക്കും മറ്റുമായി നാട്ടറിവുകൾ സംരക്ഷി ക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യണം. നിർദ്ദിഷ്ട സർവ്വകലാശാലയുടെ ആസ്ഥാനം പൂക്കോട് എന്നതിനുപകരം പൂക്കോട് വെറ്ററിനറി കോളേജ് എന്നാക്കണം. സർവ്വകലാശാല പരീക്ഷകൾ കൃത്യസമയത്ത് നടത്താനും രണ്ടുമാസത്തിനകം ഫലം പ്രസിദ്ധീകരിക്കാനും കഴിയണം. റീ-വാല്യുവേഷൻ നടത്തുന്നതിന്റെ റിസൽട്ട് ഒരു മാസത്തിനകം ലഭ്യമാകണം. റീ-വാല്യുവേഷനിൽ വിദ്യാർത്ഥിക്ക് 10 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ചാൽ ആദ്യം പേപ്പർ വാല്യുചെയ്ത അദ്ധ്യാപകനെ ശിക്ഷിക്കുന്നതിനും റീ-വാല്യുവേഷൻ പേപ്പർ വിദ്യാർത്ഥിക്കുതന്നെ

തിരിച്ചുനൽകുന്നതിനും നടപടിയുണ്ടാകണം. കാർഷിക സർവ്വകലാശാലയിലെ യൂണിറ്റുകൾ ഏറ്റെടുക്കുന്ന സന്ദർഭത്തിൽ കന്നുകാലിസമ്പത്തും ജീവനക്കാരേയുംകൂടി ഏറ്റെടുക്കണം. ആന സംരക്ഷണത്തിനാവശ്യമായ ഗവേഷണവും നാട്ടറിവ് ശേഖരണവും ഉണ്ടാക്കിയെടുക്കണം. സംസ്ഥാനത്ത് പുതിയ യൂണിവേഴ്സിറ്റികൾക്ക് രൂപം കൊടുക്കുന്നതോടൊപ്പം നിലവിലുള്ളവയും സംരക്ഷിക്കപ്പെടണം.

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. യൂണിവേഴ്സിറ്റികൾ സ്ഥാപിക്കു ന്നതോടൊപ്പം അതിനുതക്കതായ ഗവേഷണവും ഫലവും രാജ്യത്തിന് ലഭിക്കണം. കന്നുകാലി വളർത്തലിലും പാൽ ഉൽപ്പാദനത്തിലും കേരളം മുമ്പിലാണെന്ന് പറയുന്നുണ്ടെങ്കിലും സംസ്ഥാനത്തിനാവശ്യമായ പാൽ ഉൽപാദിപ്പിക്കുന്നില്ല. അത്യാവശ്യത്തിന് ഭൂമിയുള്ള കർഷകരെ പ്രോൽസാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കണം. മാംസ സംസ്ക്കരണ രംഗത്ത് സംസ്ഥാനം വളരെ പിന്നിലാണ്. വേണ്ടത്ര റിസർച്ച് നടക്കുന്നില്ല. തുണ്ടുവൽക്കരിക്കപ്പെട്ട ഭൂമിയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ ഇനങ്ങളെ കണ്ടെത്താൻ നിരന്തരമായ റിസർച്ച് നടത്തണം. പരമ്പരാഗത കന്നുകാലികളെ നിലനിറുത്താനും കാലാവസ്ഥയ്ക്കനുയോജ്യമായതും പാരിസ്ഥിതിക പ്രശ്നങ്ങളെ അതിജീവിക്കാൻ കഴിയുന്നതുമായ പുതിയ വയെ സൃഷ്ടിക്കാനും ഗവേഷണത്തിലൂടെ സാധിക്കണം. സംസ്ഥാനത്ത് ഒരു എലിഫന്റ് മ്യൂസിയമുണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കണം. ഒരു മാതൃക

എന്ന നിലയിൽ ഓരോ ജില്ലയിലും അന്തർദ്ദേശീയ നിലവാരത്തിലുള്ള ഓരോ അറവുശാലകളുണ്ടാക്കുകയും കേരളത്തിലേയ്ക്കുവരുന്ന അറവുമാടുകളെ പരിശോധനാ വിധേയമാക്കുകയും ചെയ്യണം. വന്യമൃഗ സമ്പത്തിനേയും ജീവജാലങ്ങളേയും സംരക്ഷിക്കുന്ന തരത്തിലുള്ള റിസർച്ചായിരിക്കണം പുതിയ യൂണിവേഴ്സിറ്റിയിൽ നടത്തേണ്ടത്. ഒരു വർഷത്തിൽ ഏറ്റവും പ്രധാനപ്പെട്ട പത്ത് കണ്ടെത്തലുകളെങ്കിലും ഈ യൂണിവേഴ്സിറ്റിയുടെ ഭാഗമായി കാർഷിക മേഖലയിലുണ്ടാകണം. 150 കോടിയോളം രൂപയുടെ കടബാദ്ധ്യതയുള്ള കാർഷിക സർവ്വകലാശാലയെ വിഭജിച്ച് പുതിയ യൂണിവേഴ്സിറ്റിയുണ്ടാക്കുന്നത് ആ സ്ഥാപനത്തെ തകർത്തുകൊണ്ടായിരിക്കരുത്. യൂണിവേഴ്സിറ്റിക്ക് ആവശ്യമായ കമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ ആദ്യം ഒരുക്കണം. മാനേജുമെന്റ് കൗൺസിലിൽ യു.ജി.സി.-യുടേയും ഇൻഡ്യൻ വെറ്ററിനറി അസോസ്സിയേഷന്റേയും പ്രതിനിധികളുണ്ടാകണം. സെർച്ച് കമ്മിറ്റി നിർദ്ദിഷ്ട സമയത്ത് വി.സി.-യെ നിർദ്ദേശിക്കുന്ന പാനൽ നൽകിയില്ലെങ്കിൽ സെർച്ച് കമ്മിറ്റിയിൽ നിന്നുതന്നെ ഒരാളെ നോമിനേറ്റ് ചെയ്യാൻ കഴിയുന്ന വ്യവസ്ഥ ഉണ്ടാകണം. നല്ലൊരു ഗവേഷണ സ്ഥാപനമാക്കി ഈ യൂണിവേഴ്സിറ്റിയെ മാറ്റണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. സി. ദിവാകരൻ):</u> കേരളത്തിന്റെ ഉൽപ്പാദന മേഖലയിലും ജനങ്ങളുടെ ജീവിത ശൈലിയിലും അഭിരുചികളിലുമെല്ലാം ഉണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് പുതിയ യൂണിവേഴ്സിറ്റി ആരംഭിക്കാൻ തീരുമാനിച്ചത്. മൃഗസംരക്ഷണ മേഖലയിൽ അനന്തമായ സാദ്ധ്യതകളുണ്ടാക്കുന്നതിനാവശ്യമായ ശാസ്ത്രീയ അടിത്തറ സൃഷ്ടിക്കുക എന്നതാണ് ഈ യൂണിവേഴ്സിറ്റി

കൊണ്ടുദ്ദേശിക്കുന്നത്. ഭക്ഷ്യ സുരക്ഷ യാഥാർത്ഥ്യമാക്കുന്നതിന് നാട്ടിൻപുറങ്ങളിലെ കന്നുകാലികളുടെ പരിപോഷണം, ശുശ്രൂഷ, സംരക്ഷണം എന്നിവ ആധുനികവൽക്കരിക്കേണ്ടതുണ്ട്. റിസോഴ്സസും പരിചയസമ്പന്നരായ വെറ്ററിനറി ഡോക്ടർമാരും എല്ലാമുള്ള മൃഗസംരക്ഷണ വകുപ്പിൽ ഒരു ഐഡന്റിറ്റി വരുത്തുകയാണ് ഈ യൂണിവേഴ്സിറ്റിയുടെ ലക്ഷ്യം. വൈസ് ചാൻസലറുടെ നിയമനത്തിൽ പരാതിയുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. സ്വകാര്യ കമ്പനികളുണ്ടാക്കുന്ന 90 ശതമാനം കാലിത്തീറ്റയും നിലവാരമില്ലാത്തതിനാൽ ഗവൺമെന്റ് മേഖലയിൽ കാലിത്തീറ്റ ഉൽപ്പാദിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ പരീക്ഷാ സമ്പ്രദായത്തിൽ കാര്യമായ മാറ്റം വരുത്താവുന്നതാണ്. കൂത്താട്ടുകുളത്ത് എം.പി.ഐ. കോമ്പൗണ്ടിൽ ഒരു ആധുനിക അറവുശാല തുടങ്ങാൻ പോകുകയാണ്. ലൈസൻസ് നൽകുന്നതും ഇതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതും ലോക്കൽ സെൽഫ് ഗവൺമെന്റാണ്. മാംസം, പാല് ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കെ.എൽ.ഡി. ബോർഡിന്റെ സെമൺ ബാങ്കിനെ ഇൻഡ്യയിലെ നമ്പർ വൺ ആയി അംഗീകരിച്ചിരിക്കുകയാണ്. കാർഷികമേഖലയിൽ ശാസ്ത്രീയമായ മാറ്റം വരുത്താൻ ഈ യൂണിവേഴ്സിറ്റിക്ക് കഴിയും.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

108. In sub-clause (d) of clause 2, for the words "Technology of " the words "Technology or " shall be substituted.

109. In clause 2(d) for the words "there biology and welfare " substitute the words " their biology and welfare".

114. In clause 2(h) after the words "conducted by the University or" add the words " other Institutions".

117. In clause 2 (p) for the word "article" substitute the word " Article".

113, 115, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

113. In clause 2(h) substitute the word "conducted" with the words " owned and managed".

115. In clause 2(i) the word "maintained " shall be substituted with the word " owned".

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

3-ാം വകുപ്പ്

122-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

6-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

**124. (1) In Clause 6 of the Bill for the serial numbers assigned as "(x1), (x1i), (x1ii)" the serial numbers "(XL), (XLi), (XLii)" shall be substituted.**

**(2) After the existing proviso to sub-clause (xiv) of clause, 6 the following proviso shall be added;**

**"Provided further that the recruitment to the non-teaching staff other than the officers of the University mentioned in clause 11 shall be through the Kerala Public Service Commission."**

**125. In clause 6 (i), after the words "to provide" add the words "facilities for".**

**127. In clause 6(iii), after the words "degrees, diplomas" add the word "fellowships".**

**128. In clause 6(iv), after the words "confer degrees" add the words "diplomas, certificates".**

**129. In clause 6(v), the word "may" shall be deleted.**

**130. In clause 6(vii), in between the words "hospitals" and "laboratories" insert the word "dispensaries".**

**131. In clause 6 (viii) after the words "to prescribe the" the words "terms and" shall be added.**

**132. In clause 6 (viii) after the words "recognition to" the word "such" shall be added.**

**133. In clause 6 (ix) for the words "to establish, to maintain" the following words "to construct, establish, maintain" shall be substituted.**

**134. In clause 6 (ix) for the words "to maintain" the word "maintain" shall be substituted.**

**135. In clause 6 (ix) the word "to" in between the words "establish" and "maintain" shall be deleted.**

**136. In clause 6 (x) the word "farms" shall be inserted in between the words "form of" and "libraries".**

**140. In clause 6 (xx) the words "where necessary" shall be deleted.**

**145. In clause 6(xli) for the words, figures and brackets "Companies Act 1956 (1 of 1956)" the following words, figures and brackets "Companies Act 1956 (Central Act 1 of 1956)" shall be substituted.**

126, 142, 143, 144 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

**144. In clause 6(x1) after sub clause (h) add the following as item 'i' and renumber the remaining accordingly.**

"(i) University Nature Club."

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>7-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

148. In clause 7 (1) delete the word "persons".

150. In clause 7(2) (b) after the word "diploma" add the word "certificate".

149-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിച്ചു.

154. In clause 8(3), for the words "of the result of the" substitute the words "on the’

156. In clause 8(4) for the words "The Government may" substitute the words "The Government shall"

158. In clause 8(7) after the words "shall furnish" add the words "through the Vice-Chancellor"

159. In clause 8(9) add the following at the end viz.

"with the statement explaining the circumstances leading for such orders"

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>9-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

160. In clause 9(2) the word "He" shall be substituted by the words "The Chancellor".

163. In clause 9(5) for the words and symbols "university, authority" the following words shall be substituted "university authority".

165. In clause 9(7) (vi) "and any authority" may be substituted with "or any authority".

166. In clause 9(10) the words "and perform such other duties" shall be deleted.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>12-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

167. In sub clause (2) of clause 12, after item (iii) the following item shall be added.

"(iv) President, Veterinary Council of India".

174-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>13-ാം വകുപ്പ്</u>

186-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>14-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

188. In clause 14(3) the second sentence shall be recast as follows:

"He shall work under the supervision, direction and control of the Vice-Chancellor".

193. In clause 14 (11) the following words shall be added at the end "and also made available for sale through the Publication Bureau."

194. In clause 14 (12), after the words "improvement of administration" add the following words "of the University".

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>16-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

195. In clause 16(1) (i) the words, "supervision and" shall be inserted after the words "directly under the".

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

21-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

196. Clause 21, under "I. Ex-officio members", item No.(xvii) the following item shall be substituted, "(xvii) Director of Centre for Development Studies"

197. In Clause 21 (1) (iv) under the heading "Ex-officio members", the word "were" shall be substituted by the word "where"

198. In Clause 21 (1) (vii) under the heading "Ex-officio members" the words "the Secretary to Government (Finance)" shall be substituted by the words "The Secretary to Government (Finance Department)".

199. Clause 21 (1) under the heading after the item (vii) "Ex-officio members" the following items shall be inserted "(viii) Secretary to Government Law Department or an Additional Secretary nominated by him" and re-number other sub clauses.

200. Clause 21 (1) under the heading after the item (vii) "Ex-officio members" the following items shall be inserted "(viii) Secretary to

Government Law Department or an Additional Secretary nominated by him" and re-number other sub clauses.

201. Clause 21 (1) under the heading after the item (vii) "Ex-officio members" the following items shall be inserted "(viii) Secretary to Government Law Department or an Additional Secretary nominated by him" and re-number other sub clauses.

202. Clause 21, (1) after the item (vii) under the heading "Ex-officio members" the following items shall be inserted "(viii) Secretary to Government Law Department or an Additional Secretary nominated by him" and re-number other sub clauses.

209. In clause 21 (2) under the heading Elected members, the following shall be added at the end of item (ii):

"from among the regular students of the University"

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>23-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

229. In clause 23 (i) the word "Ordinance" shall be substituted with the word "Act".

230, 231 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>24-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു. .

232. In Clause 24, for the word "were" in item (viii), the word "where" shall be substituted.

233. In clause 24 after sub clause (iii) insert the following:

"(iv) The Secretary to Government Law Department or one Additional Secretary nominated by him" and renumber other sub clauses.

234. In clause 24 after sub clause (iii) insert the following:

"(iv) The Secretary to Government Law Department or one Additional Secretary nominated by him" and renumber other sub clauses.

235. In clause 24 after sub clause (iii) insert the following:

"(iv) The Secretary to Government Law Department or one Additional Secretary nominated by him" and renumber other sub clauses.

236-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

236-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

236. In clause 24 after sub clause (iii) insert the following:

"(iv) The Secretary to Government Law Department or one Additional Secretary nominated by him" and renumber other sub clauses.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>26-ാം വകുപ്പ്</u>

239-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>27-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

240. In sub-clause (2) of clause 27, under other members, in item number (v), for the word "faculty" the word "college" shall be substituted.

241-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>49-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

245. In clause 49 (iii) after the words "the manner of appointment" add the following.

"the qualifications for the posts".

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

57-ാം വകുപ്പ്

246, 250, 254 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(2) 2010-ലെ കേരള മത്സ്യബന്ധനത്തിനും
സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള മത്സ്യ ബന്ധനത്തിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : കേരളത്തിന്റെ വളർച്ചയ്ക്കും സാമൂഹ്യപുരോഗതിക്കും ഉതകുന്ന വിധത്തിൽ ഗവേഷണത്തിനും പഠനത്തിനുമുള്ള ഒരു സർവ്വകലാശാല രൂപീകരിക്കാനാണ് ഈ ബിൽകൊണ്ട് ലക്ഷ്യമിടുന്നത്. ഏഷ്യയിൽത്തന്നെ ചൈനയിലും ജപ്പാനിലുമാണ് ഫിഷറീസ് മേഖലയിൽ യൂണിവേഴ്സിറ്റിയുള്ളത്. കേരളത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ വളർച്ചയിൽ ഫിഷറീസ് മേഖല വലിയ പങ്ക് വഹിക്കുന്നുണ്ട്. 1500 കോടി രൂപയുടെ വിദേശനാണ്യം ഈ മേഖല കേരളത്തിന് നേടിത്തരുന്നുണ്ട്. ഫിഷറീസ് സെക്ടറുമായി ബന്ധപ്പെട്ട എല്ലാ ഗവേഷണ സ്ഥാപനങ്ങളുടേയും സേവനങ്ങളെയും പ്രയോജന

ത്തെയും ഉപയോഗപ്പെടുത്തുന്നതിനായി ഈ സർവ്വകലാശാലയുടെ ആസ്ഥാനം കൊച്ചിയിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. കയറ്റുമതി, മത്സ്യസംസ്ക്കരണം, വിപണനം, അക്വാകൾച്ചർ തുടങ്ങി എല്ലാ മേഖലയിലുമുള്ള അനന്തവും വിശാലവുമായ സാദ്ധ്യതകളെ ശാസ്ത്രീയമായ അന്വേഷണ പഠന ഗവേഷണങ്ങളിലൂടെ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഈ സർവ്വകലാശാലയുടെ രൂപീകരണത്തിന് അടിസ്ഥാനമായിട്ടുള്ളത്. മത്സ്യമേഖലയോടൊപ്പം സമുദ്ര പഠനത്തിനും പ്രാധാന്യം നൽകുന്ന ഫിഷറീസ് സർവ്വകലാശാല കേരളത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് പ്രയോജനകരമായിത്തീരണമെന്ന കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. എം. കെ. പുരുഷോത്തമൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന മത്സ്യ മേഖലയ്ക്ക് ദൗർഭാഗ്യകരമായ സാഹചര്യങ്ങളാൽ ലോകനിലവാരത്തിലേയ്ക്ക് ഉയർന്നു വരാൻ കഴിഞ്ഞിട്ടില്ലെന്ന് കാണാൻ കഴിയും. ജപ്പാനും ചൈനയും മത്സ്യമേഖലയിൽ ഉണ്ടാക്കിയ നേട്ടങ്ങൾ ആ രാജ്യങ്ങളുടെ സമ്പദ്ഘടനയിൽ സുപ്രധാന പങ്ക് വഹിക്കുകയും സാമ്പത്തിക വികസനത്തിന് ദിശാസൂചികയായി മാറുകയും ചെയ്തിട്ടുണ്ടെങ്കിലും ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ ശ്രദ്ധേയമായ മുന്നേറ്റമുണ്ടാക്കാൻ സാധിക്കാത്തതിന് ഒരു പരിഹാരമുണ്ടാക്കണമെന്ന സമഗ്രമായ വീക്ഷണത്തിന്റെയും കാഴ്ചപ്പാടിന്റെയും ഫലമായിട്ടാണ് ഫിഷറീസ് യൂണിവേഴ്സിറ്റി വിഭാവനം

ചെയ്തിട്ടുള്ളത്. മത്സ്യമേഖലയുമായി ബന്ധപ്പെട്ടുള്ള ഗവേഷണം, അധ്യാപനം, പഠനം തുടങ്ങി എല്ലാ വിഭാഗങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് കേരളത്തിന്റെ സമ്പദ്ഘടനയിലും സാമൂഹിക ജീവിതത്തിലും ശ്രദ്ധേയമായ വളർച്ച കൈവരിക്കാനും പുരോഗതി നേടിയെടുക്കാനും ഈ സർവ്വകലാശാ ലയുടെ രൂപീകരണത്തോടെ സാധിക്കും. കാലാവസ്ഥ വ്യതിയാനം, ആഗോള താപനത്തിന്റെ പ്രശ്നങ്ങൾ, വിദേശ ട്രോളറുകളുടെ ചൂഷണം തുടങ്ങി നിരവധിയായ പ്രയാസങ്ങൾ മത്സ്യമേഖല നേരിട്ടുകൊണ്ടിരിക്കു ന്നുണ്ട്. വിദേശ ട്രോളറുകൾക്ക് ലൈസൻസ് നൽകിക്കൊണ്ട് മത്സ്യസമ്പ ത്തിന് വിനാശകരമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. അക്കാദമിക് ഗവേഷണങ്ങൾക്കുപുറമെ മൽസ്യമേഖലയും മത്സ്യത്തൊഴിലാ ളികളും അനുഭവിക്കുന്ന പ്രശ്നങ്ങൾക്കും മത്സ്യസമ്പത്തിന്റെ വംശനാശ ഭീഷണിയെ ചെറുക്കാൻ കഴിയുന്ന വിധത്തിലുമുള്ള ഗവേഷണങ്ങളും പുതിയ കണ്ടുപിടുത്തങ്ങളും ഉണ്ടാകേണ്ടതുണ്ട്. സാധാരണ ബിരുദം നൽകുന്ന യൂണിവേഴ്സിറ്റി എന്നതിനപ്പുറം ഫലപ്രദമായ ഗവേഷണം നടത്താനും അതുവഴി സമൂഹത്തിനും നാടിനും സഹായകരമായ നിലയി ലേയ്ക്ക് ഉയരാനും ഈ സർവ്വകലാശാലയ്ക്ക് കഴിയണം. സമ്പദ്ഘടനയ്ക്ക് സുപ്രധാനമായ സംഭാവന നൽകാൻ കഴിയുന്ന നിലയിലേയ്ക്ക് മത്സ്യമേഖ ലയെ മാറ്റിയെടുക്കാൻ ഈ സർവ്വകലാശാലയ്ക്ക് കഴിയണം. ഗവേഷകന്മാരും ശാസ്ത്രജ്ഞരും ജനോപകാരപ്രദമായ ഗവേഷണങ്ങൾക്ക് മുൻതൂക്കം നൽകുന്നതോടൊപ്പം ഗ്രാമീണ മത്സ്യത്തൊഴിലാളികളുടെ വിജ്ഞാനംകൂടി ഉപയോഗപ്പെടുത്തണം. യൂണിവേഴ്സിറ്റിയുടെ ഗവേണിംഗ് കൗൺസിലിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പാക്കണം.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗവേഷണത്തിനും അക്കാദമിക കാര്യങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുന്ന വിധത്തിൽ യൂണിവേഴ്സിറ്റി രൂപീകരിക്കണം. പുതിയ പാഠ്യവിഷയങ്ങൾ ഉൾപ്പെടുത്തി സിലബസ് കാലോചിതമായി പരിഷ്ക്കരിക്കണം. ഈ യൂണിവേഴ്സിറ്റി നിലവിൽ വരുന്നതോടുകൂടി തൊഴിൽ സാധ്യതയ്ക്ക് കൂടുതൽ അവസരമുണ്ടാകുന്നതാണ്. ഈ യൂണിവേഴ്സിറ്റിയുടെ പേര് അക്വാകൾച്ചർ യൂണിവേഴ്സിറ്റി എന്നാക്കി മാറ്റണം. യൂണിവേഴ്സിറ്റിയുടെ രൂപീകരണത്തോടുകൂടി സർക്കാരിന് ഈ മേഖലയിൽ ശക്തമായി ഇടപെടാൻ സാധിക്കും. സമുദ്രത്തിന്റെ അടിത്തട്ടിൽ നിന്നും സ്വർണ്ണം, വെള്ളി, മറ്റുലോഹങ്ങൾ എന്നിവ കണ്ടെത്തുന്നതിനുള്ള ഗവേഷണത്തിന് സാധ്യതയുണ്ട്. കുടിവെള്ളമുൾപ്പെടെ ജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ സമുദ്രത്തിൽ നിന്നും ലഭ്യമാകുന്ന വിധത്തിലുള്ള പഠന ഗവേഷണങ്ങൾ നടത്തുന്ന സ്ഥാപനമായി ഈ യൂണിവേഴ്സിറ്റി മാറണം. ഉൾനാടൻ ജലാശയങ്ങളുമായി ബന്ധപ്പെട്ട് Limnology department, Aquaculture department തുടങ്ങിയവ രൂപീകരിക്കാവുന്നതാണ്. ഇന്ത്യയിലെ വിദ്യാഭ്യാസ വികസനത്തിന്റെ കാര്യത്തിൽ സർവ്വകലാശാലകൾ നേരിടുന്ന പ്രതിസന്ധികൾ വലുതാണ്. പുതിയ സർവ്വകലാശാലയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനെക്കുറിച്ച് വ്യക്തമാക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): മത്സ്യ ബന്ധനത്തിലും ബന്ധപ്പെട്ട മേഖലകളിലും നിലവാരമുള്ള വിദ്യഭ്യാസം നൽകുന്നതിനും മത്സ്യബന്ധനത്തിലും സമുദ്രപഠനങ്ങളിലുമുള്ള ചിട്ടയായ ബോധനവും അദ്ധ്യാപനവും ഉറപ്പുവരുത്തുന്നതിനും പരിശീലനവും ഗവേഷ ണവും നടത്തുന്നതിനും വേണ്ടിയാണ് ഇത്തരമൊരു സർവ്വകലാശാല രൂപീക രിക്കാൻ ഉദ്ദേശിച്ചത്. മത്സ്യമേഖലയുമായി ബന്ധപ്പെട്ടുള്ള പഠനം വിവിധ തലങ്ങളിൽ ആവശ്യമാണെന്നതുകൊണ്ടാണ് ഫിഷറീസും ഓഷ്യൻ സ്റ്റഡീസും എന്ന നിലയിലേയ്ക്ക് ഇതിനെ നാമകരണം ചെയ്യാൻ ഉദ്ദേശി ക്കുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന ചലനങ്ങളും മാറ്റങ്ങളും പഠനവിധേയ മാക്കി മത്സ്യമേഖലയിൽ പ്രയോജനപ്പെടുത്താൻ കഴിയണം. ബിൽ പരിഗണ നയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലി ക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള മൽസ്യബന്ധനത്തിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരി പ്പിച്ചു.

114. ഖണ്ഡം 2 (എ) താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(എ) "അക്കാഡമിക് കൗൺസിൽ" എന്നാൽ 17-ാം വകുപ്പ് അനുസരിച്ച് രൂപീകരിക്കുന്ന സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ എന്നർത്ഥമാകുന്നു."

117. ഖണ്ഡം 2 (എൽ) "എന്നർത്ഥമാകുന്നു" എന്ന വാക്കിനുപകരം "എന്നർത്ഥമാകുന്നതും അതിൽ ജൈവശാസ്ത്രം, പാരിസ്ഥിതിക ശാസ്ത്രം, സാങ്കേതിക വിദ്യ, സാമ്പത്തിക ശാസ്ത്രം, സാമൂഹിക ശാസ്ത്രം, പോഷക ശാസ്ത്രം എന്നീ ഉൾപ്പെടെയുള്ള എല്ലാ മേഖലകളും അടങ്ങുന്ന തുമാകുന്നു." എന്നീ വാക്കുകൾ ചേർക്കുക.

124. ഖണ്ഡം (2) (ക്യൂ)-ൽ "മൽസ്യബന്ധന വിഭവങ്ങൾ" എന്നതിനു പകരം "മൽസ്യവിഭവങ്ങൾ" എന്ന വാക്ക് ചേർക്കുക.

132. ഖണ്ഡം 2 (വി)-ൽ ' മറ്റു ഉദ്യോഗസ്ഥൻ ' എന്നത് ' ഉദ്യോഗ സ്ഥനോ ' എന്നു മാറ്റുക.

140. ഖണ്ഡം 2 (എ.കെ.)-ൽ "പരിപാടികൾ " എന്നത് "പദ്ധതികൾ " എന്ന് ഭേദഗതി ചെയ്യുക.

145. ഖണ്ഡം 2 (എ.എൽ.)-ൽ " മൽസ്യബന്ധനത്തിനും " എന്ന വാക്കിനുപകരം " ഫിഷറീസിനും " എന്ന വാക്ക് ചേർക്കുക.

115, 121, 129, 135 എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

115. ഖണ്ഡം 2 (ഡി)-ൽ 'മൽസ്യ ഉൽപ്പാദനത്തേയും' എന്ന വാക്കു കൾക്കുശേഷം 'സംസ്കരണത്തേയും' എന്ന വാക്ക് ചേർക്കുകയും

'പ്രദർശന വിഷയവുമായി ബന്ധപ്പെട്ട' എന്നീ വാക്കുകൾക്കുശേഷം 'കോളേജുകളും' എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

121. ഖണ്ഡം (2) (എം)-ൽ "സുസ്ഥിരമാനേജ്മെന്റും" എന്ന വാക്കുകൾക്കുശേഷം "സംസ്കരണവും വാണിജ്യവും" എന്ന വാക്കുകൾ ചേർക്കുക.

129. ഖണ്ഡം 2 (യു)-വിൽ " സംരക്ഷണവും " എന്ന വാക്കിനു ശേഷം "പരിപാലനവും ഉപഭോഗവും " എന്ന വാക്ക് ചേർക്കുക.

135. ഖണ്ഡം 2 (ഇസഡ്)-നു ശേഷം (ഐ) ആയി താഴെ പറയുന്ന ഇനം ചേർക്കുക. ' കോളേജ് എന്നാൽ ഫിഷറീസിലോ സമുദ്ര പഠനത്തിലോ വിദ്യാഭ്യാസം നൽകുന്നതും സർവ്വകലാശാല നടത്തുന്നതുമായ സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഒരു സ്ഥാപനം എന്നർത്ഥമാകുന്നു. '

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>3-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

148. ഖണ്ഡം 3 (4)-ൽ "പ്രാധികാരം ചെയ്ത" എന്ന വാക്കുകൾക്കു പകരം "അധികാരപ്പെടുത്തിയ" എന്ന വാക്ക് ചേർക്കുക.

150. ഖണ്ഡം 3 (4)-ൽ "മറ്റേതെങ്കിലും ആളോ" എന്ന വാക്കുകൾക്കു പകരം "മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾ ചേർക്കുക.

146, 149 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>4-ാം വകുപ്പ്</u>

151, 154, 157, 159, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

157,159, 166 എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

157. ഖണ്ഡം 4 (2)-ൽ "സാങ്കേതിക വിദ്യാ സ്ഥാപനങ്ങളെയും" എന്നതിനുപകരം "സാങ്കേതിക വിഷയങ്ങളെയും" എന്നും "സംബന്ധിച്ച്" എന്ന വാക്കിനുശേഷം "ബോധനം നടത്താൻ" എന്നീ വാക്കുകളും "ഏതൊരു സ്ഥാപനങ്ങളും" എന്ന വാക്കുകൾക്ക് പകരം "ഏതൊരു സ്ഥാപനവും" എന്നീ വാക്കുകളും ചേർക്കുക.

159. ഖണ്ഡം 4 (3)-ൽ "കീഴിൽ വരുന്ന എല്ലാ" എന്നീ വാക്കുകൾക്ക് ശേഷം "കോളേജുകളും" എന്ന വാക്ക് ചേർക്കുക.

"യാതൊരു" എന്ന വാക്കിനുശേഷം "കോളേജോ" എന്ന വാക്ക് ചേർക്കണം.

166. ഖണ്ഡം 4 (5)-ൽ "സ്ഥാപനങ്ങളായി " എന്ന വാക്കിനുശേഷം "അംഗീകരിക്കാവുന്നതോ ഏറ്റെടുക്കാവുന്നതോ " എന്നു ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>5-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

169. ഖണ്ഡം 5 (iv)-ൽ "അതത് മേഖലകളിലും സമുദ്രപഠന മേഖലയിലും " എന്നീ വാക്കുകൾക്കുപകരം "അതത് മേഖലകളിൽ " എന്നീ വാക്കുകൾ ചേർക്കുക.

171-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

171. ഖണ്ഡം 5 (vi)-നുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നത് പുനഃക്രമീകരിക്കുകയും ചെയ്യുക.

"vii. ഫിഷറീസ് സമുദ്രപഠനമേഖലകളിൽ സംരംഭകത്വം വളർത്തിയെടുക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

viii. ഉൽപ്പാദനക്ഷമത, പ്രതിരോധശേഷി, ഗുണമേന്മ എന്നീ ഗുണവിശേഷങ്ങളുള്ളതും കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമായതുമായ വളർത്തു മൽസ്യങ്ങൾ, വളർത്തു ചെമ്മീനുകൾ, വളർത്തു കക്കകൾ എന്നിവയുടെ ഇനങ്ങളും, സങ്കരയിനങ്ങളും വികസിപ്പിക്കുകയും ചെയ്യുക.

ix. വളർത്തു മൽസ്യങ്ങളുടെ സുസ്ഥിരകൃഷി വികസനത്തിന് അനുയോജ്യമായ കൃഷിരീതികളും, മൽസ്യത്തീറ്റകളും, മൽസ്യരോഗനിയന്ത്രണ, പ്രതിരോധ, ജാഗ്രതാ നടപടികളും വികസിപ്പിക്കുക.

x. കേരളത്തിന്റെ മൽസ്യജൈവ വൈവിധ്യം സംരക്ഷിക്കുകയും, അവയുടെ ബൗദ്ധിക സ്വത്തവകാശം സ്ഥാപിച്ചെടുക്കുകയും, ബയോടെക്നോളജി പോലുള്ള നൂതന സാങ്കേതിക വിദ്യയുടെ

സാധ്യതകൾ വികസിപ്പിച്ചെടുക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.

xi. പരമ്പരാഗത മൽസ്യ സാങ്കേതിക വിദ്യകളും, നാട്ടറിവുകളും, സുസ്ഥിര മൽസ്യസംരക്ഷണം, പരിപാലന വികസനം എന്നീ മേഖലകളിൽ പ്രയോജനപ്പെടുത്തുന്നതിന് പഠനങ്ങൾ നടത്തുകയും പഠന ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുക.

xii. മൽസ്യബന്ധനത്തിനെപ്പറ്റിയും അനുബന്ധ ആവാസ വ്യവസ്ഥ കൾ, പ്രസക്തമായ പാരിസ്ഥിതിക ഘടകങ്ങൾ എന്നിവയെപ്പറ്റി യുള്ള ഗവേഷണം ശക്തിപ്പെടുത്തുക. "

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>6-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവ തരിപ്പിച്ചു.

179. ഖണ്ഡം 6 (2)-ൽ "ഉദ്യോഗാർത്ഥികൾക്കുമായി" എന്ന വാക്കിനു പകരം "വിദ്യാർത്ഥികൾക്കുമായി" എന്ന വാക്ക് ചേർക്കുക.

181. ഖണ്ഡം 6 (2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഉദ്യോഗാർത്ഥി കളെ" എന്ന വാക്കിനു പകരം "വിദ്യാർത്ഥികളെ" എന്നു ചേർക്കുക.

172, 174, 175, 184 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

172, 174 എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

172.. ഖണ്ഡം 6 (1)-ൽ "എല്ലാ ആൾക്കാർക്കും" എന്ന വാക്കുകൾക്കു പകരം "ഏതൊരാൾക്കും" എന്ന വാക്ക് ചേർക്കുക.

174. ഖണ്ഡം 6 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ "സർട്ടിഫിക്കറ്റുകളോ" എന്ന വാക്കിനുപകരം "സർട്ടിഫിക്കറ്റോ" എന്നു ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>7-ാം വകുപ്പ്</u>

199, 217 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

199-ാം നമ്പർ ഭേദഗതി താഴെപ്പറയുംപ്രകാരമുള്ള ഭേദഗതിയോടുകൂടി സ്വീകരിച്ചു.

199. (i) ഖണ്ഡം 7(ഇ)-ൽ 'കോളേജിലോ' എന്ന വാക്കിനുശേഷം 'സ്ക്കൂളിലോ' എന്ന വാക്ക് ചേർക്കുക.

(ii) ഇനം (ജി)-ൽ 'ഫീൽഡ് വർക്ക്ഷോപ്പുകൾക്കും' എന്നതിനുശേഷം 'ഗ്രാമീണർക്കും മറ്റാളുകൾക്കും' എന്ന വാക്കുകൾക്കു പകരമായി 'മത്സ്യ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും സംരംഭകർക്കും' എന്ന വാക്കു കൾ ചേർക്കുക.

(iii) ഇനം (ഐ)-ൽ 'ബന്ധപ്പെട്ട' എന്ന വാക്കിനുശേഷം 'കോളേജു കൾക്കും' എന്ന വാക്ക് ചേർക്കുക

(iv) ഇനം (ജെ)-ൽ 'സ്ഥാപനങ്ങൾ' എന്ന വാക്കിനുപകരം 'പരിശീലന സ്ഥാപനങ്ങൾ' എന്ന വാക്കുകൾ ചേർക്കുക.

(v) ഇനം (വി)-ൽ 'സർവ്വകലാശാലയുടെ' എന്ന വാക്കിനുശേഷം 'അദ്ധ്യാപകർക്കും' എന്ന വാക്ക് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

186. ഖണ്ഡം 7 (എ)-ൽ 'മത്സ്യബന്ധനത്തിലും' എന്നതിനുപകരം 'ഫിഷറീസിലും' എന്നുചേർക്കുക.

188. ഖണ്ഡം 7 (ബി)-ൽ 'മത്സ്യബന്ധനത്തിലും' എന്ന വാക്കിനുപകരം 'ഫിഷറീസിലും' എന്ന വാക്ക് ചേർക്കുക.

200. ഖണ്ഡം 7 (ഐ)-ൽ 'മത്സ്യബന്ധനവും' എന്ന വാക്കിനുപകരം 'ഫിഷറീസും' എന്നുചേർക്കുക.

202. ഖണ്ഡം 7 (എൽ)-ൽ "മറ്റു" എന്നതിനുശേഷം "സർക്കാർ അംഗീകൃത" എന്ന വാക്കുകൾ ചേർക്കുക.

203. ഖണ്ഡം 7 (എൽ)-ൽ "വായ്പയായി" എന്നതിനുപകരം "വായ്പയായോ ഗ്രാന്റായോ" എന്ന് ചേർക്കുക.

204. ഖണ്ഡം 7 (എൻ)-ൽ "ഈടാക്കുന്നതിനെക്കുറിച്ച് ആരായുന്നതിന്" എന്നതിനുപകരം "നിശ്ചയിക്കപ്പെട്ട രീതിയിൽ ഈടാക്കുന്നതിന്" എന്ന് ചേർക്കുക.

216. ഖണ്ഡം 7 (വൈ)-ൽ ഒന്നാം ഇനമായി താഴെപ്പറയുന്നത് ചേർക്കുക.

“ (i) വിദ്യാർത്ഥികളുടേയും ജീവനക്കാരുടേയും ക്ഷേമകാര്യ സമിതി; ”

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

8-ാം വകുപ്പ്

219, 220, 226, 227, 233, 235 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു. താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

219. ഖണ്ഡം 8 (1)-ൽ ‘കോളേജിന്റെയോ’ എന്ന വാക്കിനുശേഷം ‘സ്കൂളിന്റേയോ’ എന്ന വാക്ക് ചേർക്കുക.

220. ഖണ്ഡം 8 (1)-ൽ ‘ആളെയോ ആളുകളെയോക്കൊണ്ടോ’ എന്നതിനുപകരം ‘ആളെയോ, ആളുകളെയോകൊണ്ടോ’ എന്ന് ചേർക്കുക.

226. ഖണ്ഡം 8 (2)-ൽ ‘പ്രതിനിധിയെ നിയമിക്കാൻ അവകാശമുണ്ടായിരിക്കുന്നതും അയാൾക്ക്’ എന്ന വാക്കുകൾക്കുപകരം ‘സർവ്വകലാശാലയ്ക്ക് നിയോഗിക്കപ്പെടുന്ന പ്രതിനിധി മുഖേന’ എന്നും തുടർന്നുള്ള വരിയിൽ ‘പറയുവാനുള്ള’ എന്ന വാക്കിനുപകരം ‘പറയുന്നതിനും’ എന്നും ചേർക്കുക.

233. ഖണ്ഡം 8 (7)-ൽ ‘ആവശ്യമാണെന്ന്’ എന്ന വാക്കിനുശേഷം ‘അവർ’ എന്ന വാക്ക് ഒഴിവാക്കണം.

225-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

225. ഖണ്ഡം 8(1)-ൽ അവസാനം 'ഇത്തരം അന്വേഷണവുമായി ബന്ധപ്പെട്ട ഏതൊരു രേഖയും പരിശോധന സമിതിക്ക് കൈമാറേണ്ടതാണ്. എന്നുകൂടി ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

232. ഖണ്ഡം 8(6)-ൽ 'അവർ ആഗ്രഹിക്കുന്ന' എന്നീ വാക്കുകൾക്കു പകരം 'കരുതുന്ന' എന്ന വാക്ക് ചേർക്കുക.

234. ഖണ്ഡം 8 (8)-ൽ 'ആവശ്യപ്പെടാവുന്ന' എന്ന വാക്കിനുപകരം 'ആവശ്യപ്പെടുന്ന' എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>10-ാം വകുപ്പ്</u>

251, 257എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

238. ഖണ്ഡം 10(1)-ൽ എക്സ് ഓഫീഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിലെ (viii)-ാം ഇനത്തിന് ശേഷം "(ix) നിയമവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുകയും നിലവിലെ (ix)-ാം ഉപവകുപ്പിന്റെ നമ്പർ (x) എന്ന് ക്രമീകരിക്കുകയും ചെയ്യുക.

246. ഖണ്ഡം 10(1)-ലെ 2 നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ എന്ന ശീർഷകത്തിലെ (iv)-ാം ഇനത്തിൽ "വനിത ആയിരിക്കണമെന്നു മുള്ള" എന്നതിനുപകരം "ഒരാൾ വനിത ആയിരിക്കണമെന്നുമുള്ള" എന്ന് ചേർക്കുക.

248. ഖണ്ഡം 10(1)-ൽ "തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ" എന്ന ശീർഷകത്തിൽ (i)-ാം ഇനത്തിന്റെ അവസാനഭാഗത്ത് "അവരിൽ ഒരാൾ പട്ടി കജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള അംഗമായിരിക്കേണ്ടതാണ് എന്ന് ചേർക്കുക. "

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>11-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

259. ഖണ്ഡം 11 (1) ൽ " വിശാലനയങ്ങളും " എന്നതിനു പകരം " പൊതുവായ നയങ്ങളും " എന്ന് മാറ്റുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>12-ാം വകുപ്പ്</u>

260, 264, 265, 270 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

260. ഖണ്ഡം 12 (1) 3 (iii) ൽ "ചാൻസലർ" എന്നതിനുപകരം "സർക്കാർ" എന്നുചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

262. ഖണ്ഡം 12-ൽ ശീർഷകത്തിനു ശേഷമുള്ള (1) എന്ന അക്കവും ചിഹ്നങ്ങളും നീക്കം ചെയ്യുക.

263. ഖണ്ഡം 12 (1) 3 (V)-ൽ " പ്രതിനിധി " എന്ന വാക്കിനു പകരം " ഒരു പ്രതിനിധി " എന്നീ വാക്കുകൾ ചേർക്കുക.

266. ഖണ്ഡം 12(1)2(i)-ൽ അവസാന ഭാഗത്തെ "രണ്ട് അംഗങ്ങൾ" എന്നതിനു പകരം "മൂന്ന് അംഗങ്ങൾ; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

267-ാം നമ്പർ ഭേദഗതി താഴെപ്പറയുംപ്രകാരം ഭേദഗതിയോടുകൂടി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

267. ഖണ്ഡം 12(1)1(v) -നുശേഷം

"(vi) നിയമ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ നിയമ വകുപ്പ് സെക്രട്ടറി നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറി" എന്ന ഇനം ചേർക്കുകയും ബാക്കിയുള്ള ഇനങ്ങളുടെ നമ്പരുകൾ പുന: ക്രമീകരിക്കുകയും ചെയ്യുക.

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

365. ഖണ്ഡം 12 ൽ ഉപഖണ്ഡം (3) ൽ ഇനം (iv) നുശേഷം

താഴെപ്പറയുന്നത് അടുത്ത ഇനമായി ചേർക്കുക.

"സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മത്സ്യകർഷക പ്രതിനിധി"

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>14-ാം വകുപ്പ്</u>

272-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

271. ഖണ്ഡം 14(2)(ജി)-ൽ "ഉപാധികളും" എന്ന വാക്കിനു പകരം "വ്യവസ്ഥകളും" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിച്ചു.

<u>17-ാം വകുപ്പ്</u>

275-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

275-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

275. ഖണ്ഡം 17 (vi)-ൽ "സി.എം.എഫ്.ആർ.ഇ. (CMFRE)" എന്നതിന് പകരം "സി.എം.എഫ്.ആർ.ഐ. (CMFRI)" എന്നാക്കിമാറ്റുക.

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

366. ഖണ്ഡം 17 ൽ ഉപഖണ്ഡം (1) ൽ

(i) ഇനം (v) ൽ "അദ്ദേഹത്തിന്റെ" എന്ന വാക്കിനുശേഷം "അഡീഷണൽ ഡയറക്ടറിൽ താഴെയല്ലാത്ത പ്രതിനിധി" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഇനം (vi) ൽ "അദ്ദേഹത്തിന്റെ" എന്ന വാക്കിനുശേഷം "പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി" എന്നീ വാക്കുകൾ ചേർക്കുക.

(iii) ഇനം (vii) ൽ "അദ്ദേഹത്തിന്റെ" എന്ന വാക്കിനുശേഷം "പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി" എന്നീ വാക്കുകൾ ചേർക്കുക.

(iv) ഇനം (viii) ൽ "അദ്ദേഹത്തിന്റെ" എന്ന വാക്കിനുശേഷം "പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി" എന്നീ വാക്കുകൾ ചേർക്കുക.

(v) ഇനം (ix) ൽ "അദ്ദേഹത്തിന്റെ" എന്ന വാക്കിനുശേഷം "പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

18-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

280. ഖണ്ഡം 18 (2)(ജി)-ൽ "തസ്തികകളും" എന്ന വാക്കിനു പകരം "തസ്തികകൾ"എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

19-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

281. ഖണ്ഡം 19-ന്റെ മാർജിനൽ ഹെഡിംഗിന് ശേഷം, റിസേർച്ച് കൗൺസിൽ എന്ന് തുടങ്ങുന്നതിന് മുമ്പായി "(1)" എന്ന് ചേർക്കുക.

284. ഖണ്ഡം 19 (viii) താഴെപറയുംപ്രകാരം ഭേദഗതി ചെയ്യുക.

"കേരള സർക്കാരിന്റെ ആസൂത്രണ ബോർഡിന്റെ ഉപാദ്ധ്യക്ഷൻ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ബോർഡിലെ പ്രതിനിധി ".

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

20-ാം വകുപ്പ്

288-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

288-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

288. ഖണ്ഡം 20(1)(vi)-ൽ 'സ്ക്കൂൾ ഓഫ് ഫാഷൻ' എന്ന വാക്കുകൾക്കു പകരം 'സ്ക്കൂൾ ഓഫ് ഓഷ്യൻ' എന്ന വാക്കുകൾ ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

289. ഖണ്ഡം 20(2)-ൽ 'അങ്ങനെയുള്ള അസൈൻമെന്റ്സും' എന്നതിനു പകരം "സിലബസ്സുകളും" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>26-ാം വകുപ്പ്</u>

291 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

291 -ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

291. ഖണ്ഡം 26(ജി)-ൽ നിന്നും "അഫിലിയേറ്റ് ചെയ്ത കോളേജുകളിലെയും", "വകുപ്പുകളിലെയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>27-ാം വകുപ്പ്</u>

292-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>30-ാം വകുപ്പ്</u>

293, 294, 295 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

293, 294, 295 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിച്ചു.

293. ഖണ്ഡം 30(x)-ൽ 'ഡയറക്ടർ ഓഫ് റിസർച്ച്' എന്നതിനുപകരം 'റിസർച്ച് ഡയറക്ടർ' എന്ന് ചേർക്കുക.

294. ഖണ്ഡം 30(xi)-ൽ 'ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ' എന്നതിനുപകരം 'എക്സ്റ്റൻഷൻ ഡയറക്ടർ' എന്ന് ചേർക്കുക.

295. ഖണ്ഡം 30(xiii)-ൽ 'സ്ക്കൂളുകളുടെ ഡയറക്ടർ' എന്നീ വാക്കുകൾക്കുപകരം 'സ്ക്കൂൾ ഡയറക്ടർ' എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>31-ാം വകുപ്പ്</u>

296-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

296-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

296. ഖണ്ഡം 31(3)-ൽ 'ഹോണററി ബിരുദം' എന്നതിനുപകരം 'ഹോണററി ബിരുദമോ ഹോണററി പദവികളോ' എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

33-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

306. ഖണ്ഡം 33(2)-ന്റെ ക്ലിപ്ത നിബന്ധനയായി താഴെ പറയുന്നത് കൂട്ടിചേർക്കുക.

"എന്നാൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ആൾ ആ കൗൺസിലിലെ അംഗങ്ങളിൽ നിന്നുള്ള ഒരാളോ സർവ്വകലാശാലയിലെ ജീവനക്കാരനോ ആകാൻ പാടില്ല."

307. ഖണ്ഡം 33(3)-ൽ "പഠനങ്ങളുടേയോ മേഖലയിൽ" എന്നീ വാക്കുകൾക്കു ശേഷം "വിദഗ്ധനും" എന്ന വാക്കു ചേർക്കുക

299, 301, 302, 304, 305, 309, 312 (A), എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

304-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

304. ഖണ്ഡം 33(2)-ന്റെ ക്ലിപ്ത നിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്നത് കൂട്ടി ചേർക്കുക.

"എന്നിരുന്നാലും സെലക്ഷൻ കമ്മിറ്റി നൽകുന്നത് ഐക കണ്ഠ്യേനയുള്ള ഉപദേശമല്ലായെങ്കിൽ ചാൻസലർക്ക് അതിന്റെ ഭൂരി പക്ഷം അംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്".

305-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന പ്രകാരം ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

305. ഖണ്ഡം 33 (2)-ലെ ക്ലിപ്ത നിബന്ധന താഴെ പറയും പ്രകാരം മാറ്റുക.

"എന്നാൽ സെലക്ഷൻ കമ്മിറ്റി ഏകകണ്ഠമായി ഒരാളിന്റെ പേരോ അതിനു കഴിയാതെ വന്നാൽ ഓരോ മെമ്പറും നിർദ്ദേശിക്കുന്ന ഓരോരുത്തരുടെ പേരടങ്ങിയ മൂന്നുപേർ ഉൾക്കൊള്ളുന്ന ഒരു പാനലോ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്."

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീക രിച്ചു.

<u>34-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

367. ഖണ്ഡം 34-ൽ ഉപഖണ്ഡം 12-ന് ശേഷം താഴെപ്പറയുന്ന ഇന ങ്ങൾ കൂടി ചേർക്കുക

"(13) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പരീക്ഷാ നടത്തിപ്പുകാ രേയും ചോദ്യപേപ്പർ തയ്യാറാക്കുന്നവരേയും ബോർഡ് ഓഫ് എക്സാ മിനേഷൻസ് അംഗീകരിച്ച ഒരു പാനലിൽനിന്നും നിയോഗിക്കേണ്ട താണ്.

(14) സർവ്വകലാശാല പരീക്ഷകളുടെ പരിശോധനയ്ക്കായി വൈസ് ചാൻസലർ ഒരു വിജിലൻസ് സ്ക്വാഡ് രൂപീകരിക്കേണ്ടതാണ്.''

315, 316 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

315, 316 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിച്ചു.

315. ഖണ്ഡം 34(3)-ൽ ''യൂണിവേഴ്സിറ്റി'' എന്ന വാക്കിന് പകരമായി ''സർവ്വകലാശാല'' എന്ന വാക്ക് ചേർക്കുക.

316. ഖണ്ഡം 34(5)-ൽ ''യൂണിവേഴ്സിറ്റി'' എന്ന വാക്കിന് പകരം ''സർവ്വകലാശാല''എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

35-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

318. ഖണ്ഡം 35(2)-ൽ ''അയാൾക്ക്'' എന്ന വാക്കിന് പകരം ''അദ്ദേഹത്തിന്'' എന്ന വാക്ക് ചേർക്കുക.

319-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

319-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

319. ഖണ്ഡം 35(4)ന് ശേഷം ഉപഖണ്ഡം 5 ആയി കൂട്ടിചേർക്കുക.

''(5) 1-ാം ഉപഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യ പ്രോ-വൈസ് ചാൻസലറെ 5 വർഷത്തിൽ കൂടാതെയുള്ള കാലാവധിയിലേയ്ക്ക് അപ്രകാരമുള്ള വ്യവസ്ഥകളിന്മേലും ഉപാധികളിന്മേലും സർക്കാർ നിയമിക്കേണ്ടതാണ്.''

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ അംഗീകരിച്ചു.

37-ാം വകുപ്പ്

320-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

320-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

320. ഖണ്ഡം 37(8)നു ശേഷം ഉപഖണ്ഡം 9 ആയി താഴെപ്പറയുന്നത് കൂട്ടിചേർക്കുക:

"(9) 1-ാം ഉപഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യ രജിസ്ട്രാറെ 5 വർഷത്തിൽ കൂടാതെയുള്ള കാലാവധിയിലേയ്ക്ക് അപ്രകാരമുള്ള വ്യവസ്ഥകളിന്മേലും ഉപാധികളിന്മേലും സർക്കാർ നിയമിക്കേണ്ടതാണ്."

മന്ത്രി സ്വീകരിച്ച ഭേദഗതി അംഗീകരിച്ചു.

43-ാം വകുപ്പ്.

322-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

322-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

322. ഖണ്ഡം 43(4)-ൽ 'മത്സ്യബന്ധനവും' എന്ന വാക്കിനു പകരം "ഫിഷറീസും" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി അംഗീകരിച്ചു.

47-ാം വകുപ്പ്

323, 324, 326, 327 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

323, 324, 326, 327 എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

323. ഖണ്ഡം 47-ന്റെ മാർജിനൽ ശീർഷകം താഴെപറയും പ്രകാരം മാറ്റുക:

"47. ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കും വേണ്ടിയുള്ള ഗവേഷണ പരിപാടി:-"

324. ഖണ്ഡം 47(1)ൽ "സഹായത്തിനും" എന്ന പദത്തിനുശേഷമുള്ള "ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കും" എന്നീ വാക്കുകൾക്ക് പകരം "മത്സ്യ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കുക.

326. ഖണ്ഡം 47(1)-ൽ "മത്സ്യബന്ധന സമുദ്ര പഠന ഗവേഷണ കേന്ദ്രങ്ങൾ" എന്നീ വാക്കുകൾക്ക് പകരം "ഫിഷറീസും സമുദ്രപഠനങ്ങളിലും ഗവേഷണ കേന്ദ്രങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

327. ഖണ്ഡം 47(3)-ൽ "ഫിഷറീസ് ഡയറക്ടർക്കും മറ്റ് സർക്കാർ ഏജൻസികൾക്കും" എന്നീ വാക്കുകൾക്ക് പകരം "കേരള കാർഷിക സർവകലാശാലയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ അംഗീകരിച്ചു.

<u>48-ാം വകുപ്പ്</u>

329-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

329-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

329. ഖണ്ഡം 48(2)-ൽ "യൂണിവേഴ്സിറ്റി" എന്നതിന് പകരം "സർവ്വകലാശാല" എന്നും "തീരദേശക്കാർക്കും" എന്നീ വാക്കുകൾക്ക് പകരം "സംരംഭകർക്കും" എന്നീ വാക്കുകളും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി അംഗീകരിച്ചു.

<u>49-ാം വകുപ്പ്</u>

331, 332 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

332-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

331-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിച്ചു.

331. ഖണ്ഡം 49(3)-ൽ " കോഴ്സുകളേയും എന്നതിനുശേഷം മാത്രം സർവ്വകലാശാല" എന്ന വാക്കിന് പകരം "ബോധന" എന്ന വാക്ക് ചേർക്കുക.

332. ഖണ്ഡം 49(4)-ൽ "സർക്കാർ വകുപ്പുകൾക്ക് " എന്ന വാക്കുകൾക്ക് പകരം "സർക്കാർ വകുപ്പുകൾക്കും ഇതര ഏജൻസികൾക്കും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ അംഗീകരിച്ചു.

<u>50-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

334. ഉപഖണ്ഡം (1) ന്റെ ക്ലിപ്ത നിബന്ധനയായി താഴെക്കൊടുക്കുന്നത് ചേർക്കണം.

ഖണ്ഡം (50) പ്രകാരമുള്ള ഉദ്യോഗസ്ഥർ ഒഴികെയുള്ള സർവ്വകലാശാലയിലെ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുന്നതാണ്.

335, 339, 341 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

341-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു

341. ഖണ്ഡം 50(6)-ൽ "സ്കൂൾ ഡയറക്ടർമാർ" എന്ന വാക്കുകൾക്ക് മുമ്പ് "ഡീൻ" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ അംഗീകരിച്ചു.

<u>58-ാം വകുപ്പ്</u>

342, 343 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

342, 343 എന്നീ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

342. ഖണ്ഡം 58(3)(ii) ൽ "സെനറ്റിലെ രണ്ട് അംഗങ്ങൾ" എന്നതിന് ശേഷം "ഒരാൾ സ്ത്രീആയിരിക്കണം" എന്ന് കൂട്ടിച്ചേർക്കുക.

343. ഖണ്ഡം 58(3)(iii) ൽ "ഗവേണിംഗ് കൗൺസിലിലെ മൂന്ന് അംഗങ്ങൾ" എന്നതിന് ശേഷം "ഒരാൾ സ്ത്രീആയിരിക്കണം" എന്ന് കൂട്ടിച്ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ അംഗീകരിച്ചു.

<u>66-ാം വകുപ്പ്</u>

344-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

344-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

344. ഖണ്ഡം 66(2) (ix)-ൽ 'സർവ്വകലാശാലയിലെയും' എന്ന വാക്കിന് മുൻപുള്ള 'സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഒരു തദ്ദേശ അധികാരസ്ഥാപനമോ നടത്തിപ്പോകുന്ന കോളേജുകളോ, സ്ഥാപനങ്ങളോ ഒഴികെയുള്ള' എന്നീ വാക്കുകൾ ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി അംഗീകരിച്ചു.

<u>67-ാം വകുപ്പ്</u>

352-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

352-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

352. ഖണ്ഡം 67(3) (iv) ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി അംഗീകരിച്ചു.

<u>68-ാം വകുപ്പ്</u>

353, 354, 355 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

353, 354, 355 എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

353. ഖണ്ഡം 68(vi)-ൽ "അഫിലിയേറ്റ് ചെയ്ത കോളേജുകളിലേയും" എന്ന വാക്കുകൾക്ക് പകരം "സ്കൂളുകളിലേയും കോളേജുകളിലേയും" എന്ന് ചേർക്കുക.

354. ഖണ്ഡം 68 (vii)-ൽ "അഫിലിയേറ്റ് ചെയ്ത" എന്ന വാക്കുകൾ ഒഴിവാക്കുക.

355. ഖണ്ഡം 68 (ix)-ൽ "അഫിലിയേറ്റ് ചെയ്ത" എന്ന വാക്കുകൾ ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ അംഗീകരിച്ചു.

<u>71-ാം വകുപ്പ്</u>

356, 357, 358 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

356, 357, 358 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിച്ചു.

**356**. ഖണ്ഡം 71(i)-ൽ "രൂപീകരിച്ചിട്ടുള്ള" എന്ന വാക്കുകൾക്ക് പകരം " കോളേജുകളിലേയും" എന്ന വാക്ക് ചേർക്കുക. 'യൂണിവേഴ്സിറ്റി' എന്നതിനുപകരം 'സർവ്വകലാശാല' എന്ന് ചേർക്കുക.

357. ഖണ്ഡം 71(2)-ൽ "യൂണിവേഴ്സിറ്റി" എന്ന വാക്കിനുപകരം "സർവ്വകലാശാല" എന്ന വാക്ക് ചേർക്കുക.

358. ഖണ്ഡം 71(3)-ൽ "യൂണിവേഴ്സിറ്റി" എന്ന വാക്കിനുപകരം 'സർവ്വകലാശാല' എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ അംഗീകരിച്ചു.

<u>73-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

359. ഖണ്ഡം 73 നീക്കം ചെയ്യുക.

361. ഖണ്ഡം 73(i)-ൽ "മൽസ്യബന്ധനത്തിനും സമുദ്ര പഠനങ്ങൾക്കുമായുള്ള കേരള സർവ്വകലാശാലയുടെ " എന്നതിനു പകരം " ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമായുള്ള സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

362. ഖണ്ഡം 73(3)-ൽ "മൽസ്യബന്ധനത്തിനും " എന്നതിനു പകരം " ഫിഷറീസും" എന്ന വാക്ക് ചേർക്കുക.

360-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിച്ചു.

<u>74-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

368. ഖണ്ഡം 74 നീക്കം ചെയ്യുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി അംഗീകരിച്ചു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

109. പീഠികയിൽ ആദ്യവരിയിലെ "പിഷറീസും" എന്ന വാക്കിനു പകരം "ഫിഷറീസും" എന്ന വാക്ക് ചേർക്കുക.

110, 112, 113 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

110-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

110. പീഠികയിൽ "സമുദ്രപഠനങ്ങൾക്കും മാത്രമായി" എന്നീ വാക്കുകൾക്കുശേഷം "അതുമായി ബന്ധപ്പെട്ട ജൈവീക ശാസ്ത്രം, പാരിസ്ഥിതിക ശാസ്ത്രം, സാങ്കേതികവിദ്യ, സാമ്പത്തിക ശാസ്ത്രം, സാമൂഹിക ശാസ്ത്രം, മൽസ്യകൃഷി, പോഷക ശാസ്ത്രം എന്നിവ ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ അംഗീകരിച്ചു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 2010-ലെ കേരള മൽസ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള മൽസ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(3) 2010-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ക്ഷേമനിധിയുടെ നടത്തിപ്പിനാവശ്യമായ പണം സ്വരൂപിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ഭേദഗതി നിയമം അവതരിപ്പിച്ചിരിക്കുന്നത്. കർഷകരുടെ അംശദായത്തിലും ഭൂ ഉടമകളുടെ വിഹിതത്തിലും സർക്കാരിന്റെ വിഹിതത്തിലും വ്യത്യാസം വരുത്തിയിട്ടുണ്ട്.

ശ്രീ. ജോർജ്ജ് എം. തോമസിനുവേണ്ടി ശ്രീ. ബി.ഡി. ദേവസ്സി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള കർഷക ത്തൊഴിലാളി ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കു ലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ പത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 114 കോടി 90 ലക്ഷം രൂപ ക്ഷേമനിധിയിലേയ്ക്ക് ഗ്രാന്റായി നൽകിയതുവഴി കർഷകർക്ക് കുറേയേറെ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. കർഷകത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളവരുടെ ആനുകൂല്യങ്ങൾ അപര്യാപ്ത മായതുകൊണ്ടാണ് കർഷകത്തൊഴിലാളികളുടേയും ഭൂ ഉടമകളുടേയും വിഹിതത്തിൽ വർദ്ധനവ് വരുത്തിയത്. തത്തുല്യമായി സർക്കാരിന്റെ ഗ്രാന്റും വർദ്ധിപ്പിച്ചിരിക്കുകയാണ്. അവശരായ കർഷകത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയായും മരണാനന്തര സഹായവും വിവാഹ സഹായവും 5000 രൂപയായും വർദ്ധിപ്പിക്കണം. കർഷകത്തൊഴിലാളി പെൻഷൻ കൃത്യമായി കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ കർഷകത്തൊഴിലാളികൾക്കും പെൻഷൻ ലഭിക്കുന്നതിനുള്ള ഭേദഗതി കൊണ്ടുവരണം.

ശ്രീ. എൻ. രാജൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1990-ൽ കൊണ്ടുവന്ന ക്ഷേമനിധി നിയമത്തിന് 20 വർഷങ്ങൾക്കുശേഷമാണ് ഒരു ഭേദഗതി കൊണ്ടുവരുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 114.5

കോടി രൂപ ഗ്രാന്റായി നൽകിയതിനുശേഷമാണ് കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിഞ്ഞത്. ഭൂ ഉടമകളുടെ വിഹിതം പിരിച്ചെടുക്കുന്നതിലുള്ള അലംഭാവം അവസാനിപ്പിക്കണം. ഭൂമിയുടെ ക്രയവിക്രയം നടക്കുമ്പോൾ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് സെസ്സ് അടയ്ക്കുന്നതിനുവേണ്ടിയുള്ള വകുപ്പ് നിയമത്തിൽ ഉൾക്കൊള്ളിക്കണമെന്ന കർഷകത്തൊഴിലാളി സംഘടനകളുടെ ആവശ്യം നടപ്പിലാക്കുന്നതിനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 20 ലക്ഷത്തോളം തൊഴിലാളികളിൽ പെൻഷന് അർഹരായിട്ടുള്ളവർ 6 ലക്ഷത്തോളമാണ്. 120 രൂപയായിരുന്ന കർഷകത്തൊഴിലാളി പെൻഷൻ 300 രൂപയായി വർദ്ധിപ്പിച്ചു. 840 കോടി രൂപ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ 114.9 കോടി രൂപ സ്പെഷ്യൽ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. ഇനിയും വിവിധ ആനുകൂല്യങ്ങൾ നൽകേണ്ടതുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് ക്ഷേമനിധിയുടെ കോർപ്പസ് വിഹിതത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിച്ചത്. ഈ ഭേദഗതി നിയമം പാസ്സാക്കിയാൽ 20 ലക്ഷത്തോളം കർഷകത്തൊഴിലാളികൾക്ക് ഏറ്റവും നല്ല ആനുകൂല്യം നൽകാൻ സാധിക്കും. ബിൽ ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

121-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

മി. സ്പീക്കർ: എല്ലാവർക്കും പുതുവത്സരാശംസകൾ നേരുന്നു.

സഭ ഉച്ചയ്ക്കുശേഷം 3.12-ന് പിരിഞ്ഞു.

--------